www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 29 | 2017 July 29 | ₹10

## കൈവെട്ടു ഭീഷണിയും
## കൈവിട്ടുപോകുന്ന മനുഷ്യത്വവും

## ഹജ്ജ് നൽകുന്ന തൗഹീദിന്റെ സന്ദേശം



## രാംനാഥ് കോവിന്ദും
## ഇന്ത്യയുടെ ഭാവിയും

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

1 **വിശ്വാസിയുടെ നമസ്കാരം**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 | വില : 90

2 **ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 | വില : 40

3 **നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 | വില : 40

4 **റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 | വില : 40

5 **ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 | വില : 70

6 **ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 | വില : 90


7 **ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 | വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

**സ്പെഷ്യൽ ഡിസ്കൗണ്ട്**
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

നേർപഥം
വാരിക

0029 / 2017 ജൂലായ് 29 / 1438 ദുൽക്വഅദ് 05 / പുസ്തകം 01 / ലക്കം 29



# ഹജ്ജ് നൽകുന്ന തൗഹീദിന്റെ സന്ദേശം

അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി / 29



സുഫ്‌യാൻ അബ്ദുസ്സലാം / 10

# രാംനാഥ് കോവിന്ദും ഇന്ത്യയുടെ ഭാവിയും

**മുഖമൊഴി**
കൈവെട്ടു ഭീഷണിയും... / 05
എഡിറ്റർ

**ലേഖനങ്ങൾ**
ഈമാൻ: ഒരു ഹ്രസ്വ വിശകലനം / 06
അൻവർ അബൂബക്കർ
രിയാഅ് അഥവാ ലോകമാന്യം / 22
ഫദ്‌ലുൽ ഹഖ് ഉമരി
വിസ്മയിപ്പിക്കുന്ന വിശുദ്ധ ക്വുർആൻ / 34
പി.എൻ. അബ്ദുല്ലത്വീഫ് മദനി

**ക്വുർആൻ പഠനം**
വൈവാഹിക ജീവിതത്തിന്റെ സൽഫലങ്ങൾ / 09
ശമീർ മദീനി

**വിവർത്തനം**
സ്ത്രീകൾക്ക് സുരക്ഷിതത്വം നൽകുന്ന മതം / 14
ഡോ. അബ്ദുർറസ്സാക്വ് അൽബദർ

**കാഴ്ച**
രക്തദാനത്തിന്റെ വിലയറിഞ്ഞ നാളുകൾ / 18
ഇബ്നു അലി എടത്തനാട്ടുകര

**ബാലപഥം**
ഉപദേശം / 19
ഉസ്മാൻ പാലക്കാഴി

**ചരിത്രപഥം**
ആദ്യത്തെ കൊലപാതകം! /20
ഹുസൈൻ സലഫി, ഷാർജ

**പാരന്റിംഗ്**
ശീലമാവേണ്ട മര്യാദകൾ / 26
അശ്റഫ് എകരൂൽ

**ഹദീഥ് പാഠം**
ഇന്ന് കൊടുക്കുക; നാളേക്കുവേണ്ടി / 28
അബൂ മുഫീദ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




## പുതിയ ശരീഅത്ത് വിമർശകരെ തല പൊക്കാനനുവദിക്കരുത്

മതനിഷേധികളുടെ ഇസ്‌ലാമിക ശരീഅത്തിനോടുള്ള അവജ്ഞക്ക് കാലങ്ങളുടെ പഴക്കമുണ്ട്. പാശ്ചാത്യസംഘടനകളുടെ ചുവട് പിടിച്ച് മലയാളത്തിലും അതിന്റെ അനുരണനങ്ങൾ അതേസമയം തന്നെ ആരംഭിച്ചിരുന്നു. യുക്തിവാദികളും ക്രൈസ്തവ വിമർശകരും തുടങ്ങിവെച്ച ഇസ്‌ലാം വിമർശനങ്ങൾ പതുക്കെപ്പതുക്കെ സമുദായത്തിനിടയിലേക്ക് കയറി വന്നതു മുതലാണ് മുസ്‌ലിം നേതൃത്വം ഇതിനെ ഗൗരവമായി നോക്കിക്കാണാൻ തുടങ്ങിയത്. ഇസ്‌ലാമേതര വിമർശകർ കടുത്തഭാഷയിൽ നടത്തുന്ന ആരോപണങ്ങൾക്ക് മറുപടി പറഞ്ഞും എന്നാൽ അതിലെ പലതിനെയും ശരിവെച്ചും മുസ്‌ലിം 'ബുദ്ധി ജീവികൾ' രംഗത്ത് വന്നതോടെ ഇതിന് സാധാരണക്കർക്കിടയിൽ വേരോട്ടമുണ്ടായി. ശരീഅത്തിനും കാലോചിതമായ പരിഷ്‌കാരങ്ങൾ ആവാം എന്ന തലത്തിലേക്ക് ചിലരെങ്കിലും എത്തിപ്പെട്ടു. കൃത്യമായ പഠനങ്ങളിലൂടെ അത്തരം ചിന്തകളുടെ തുടക്കത്തിൽ തന്നെ ബോധവൽക്കരണം നടത്തി കേരള മുസ്‌ലിം ധൈഷണിക നേതൃത്വം മാതൃകയായി. എന്നാൽ ഇതുപോലുള്ള ചിന്തകളുടെ വിഷ ബീജങ്ങൾ ഇപ്പോഴും സമൂഹഗാത്രത്തിൽ ശേഷിക്കുന്നുണ്ടെന്ന ഞെട്ടിക്കുന്ന യാഥാർഥ്യമാണ് ജൂലൈ 14ന് പുറത്തിറങ്ങിയ ശബാബിൽ 'ഇസ്‌ലാമിക ശരീഅത്തും ജ്ഞാനപരമായ പുനരാഖ്യാനങ്ങളും' എന്ന ലേഖനത്തിലൂടെ നാം വായിച്ചത്.

സങ്കീർണമായ ശൈലിയിലൂടെ സാധാരണക്കാരുടെ കണ്ണിൽ പൊടിയിട്ട്, ബുദ്ധിജീവി നാട്യക്കാരെ പരിഗണിക്കുന്ന തരത്തിലേക്ക് പുരോഗമനവാദികൾ വരെ നടന്നടുക്കുന്ന സാഹചര്യത്തിൽ വിവേകമുള്ളവർ കണ്ണ് തുറന്ന് പിടിക്കേണ്ടതുണ്ട്. ലേഖനം പുറത്ത് വന്നയുടനെ തന്നെ താത്ത്വികമായി അതിന് മറുപടി പറഞ്ഞ നേർപഥത്തിന്റെ നിലപാട് അഭിനന്ദനമർഹിക്കുന്നു. കേവലമൊരു ലേഖനത്തിലൂടെയുള്ള ബോധവൽകരണമെന്നതിലുപരി ഉത്തരവാദപ്പെട്ട സംഘടനാ സാരഥികളുമായി ബന്ധപ്പെട്ട് അതിന്റെ ഗൗരവമുണർത്താനുള്ള ദൗത്യം കൂടി വിവേകമതികൾ കാണിക്കണമെന്ന് അപേക്ഷിക്കുകയാണ്. സമുദായത്തെയും ഇസ്‌ലാമിക ദർശനത്തെയും വിമർശകർക്ക് മുമ്പിൽ അടിയറ വെക്കാനുള്ള സ്വാർഥ താൽപര്യക്കാരുടെ ശ്രമങ്ങൾക്കെതിരെ കണ്ണും കാതും തുറന്ന് പിടിക്കാനും പ്രതികരിക്കാനുമുള്ള ആർജവം നേർപഥത്തിന് എന്നുമുണ്ടാവട്ടെയെന്നാശംസിക്കുന്നു.

**– ആദിൽ മുഹമ്മദ്**

## 'നമുക്ക് ചുറ്റും' സംഭവിക്കുന്നതെന്ത്?

കാലിക വിഷയങ്ങൾക്ക് നേരെ തുറന്ന് പിടിച്ച കണ്ണാടികളാണ് ഓരോ ലക്കത്തിലെയും 'നമുക്ക് ചുറ്റും' എന്ന അവസാന പേജ്. ശക്തമായ ഭാഷയിലും ശൈലിയിലും മാഗസിനിന്റെ നിലപാട് വ്യക്തമാക്കുന്ന പ്രസ്തുത കോളം പക്ഷെ, ഇടയ്ക്കിടെ കണ്ണടക്കുന്നതായി കാണുന്നു. അപ്രിയ സത്യങ്ങളോട് രാജിയാവുന്നതാണോ അതോ നിലപാട് തറയിൽ തെന്നിവീഴുന്നതാണോ എന്ന് സംശയം.

നയപരമായ തടസ്സങ്ങളൊന്നുമില്ലെങ്കിൽ പ്രസ്തുത കോളം മുടങ്ങാതെ പ്രസിദ്ധീകരിക്കേണമെന്നപേക്ഷിക്കുന്നു.

**– സുബിൽ കോഹിനൂർ**

**വായനക്കാരുടെ പ്രതികരണങ്ങൾ**
**mail@nerpatham.com എന്ന ഇ.മെയിലിലോ**
**9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ**
**നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

മുഖമൊഴി

# കൈവെട്ടു ഭീഷണിയും കൈവിട്ടുപോകുന്ന മനുഷ്യത്വവും

സമൂഹത്തിൽ സമാധാനം നിലനിൽക്കരുതെന്ന് ആഗ്രഹിക്കുന്നവരും അസഹിഷ്ണുതയുടെ വക്താക്കളും ജാഗരൂകരാണിന്ന്. അതിന്റെ പ്രകടമായ ഒരു അടയാളമാണ് പ്രസിദ്ധ സാഹിത്യകാരനായ കെ.പി രാമനുണ്ണിക്ക് നേരെയുള്ള കൈവെട്ടു ഭീഷണി. ഹിന്ദുമത വിശ്വാസികളും ഇസ്ലാംമത വിശ്വാസികളും ഒത്തൊരുമയിൽ ജീവിക്കണമെന്ന സന്ദേശം നൽകുന്ന ലേഖനങ്ങൾ എഴുതിയതാണത്രെ അദ്ദേഹം ചെയ്ത മഹാപാപം!

ആറു മാസത്തിനുള്ളിൽ മതം മാറണം. ഇല്ലെങ്കിൽ ന്യൂമാൻ കോളേജിലെ അധ്യാപകനായിരുന്ന ടി.ജെ ജോസഫിന്റെ കൈവെട്ടിയ പോലെ കൈവെട്ടുംപോലും! ടി.ജെ ജോസഫിന്റെ കൈപ്പത്തി മാത്രമാണ് അക്രമികൾ വെട്ടിമാറ്റിയത്. എന്നാൽ ഇടതുകാൽ കൂടി വെട്ടിക്കളയുമെന്നാണ് രാമനുണ്ണിക്ക് ലഭിച്ച ഭീഷണിക്കത്തിൽ പറയുന്നത്. അല്ലാഹുവിന്റെ പരമാവധി ശിക്ഷയായ വധശിക്ഷ വിധിക്കുമെന്നും ഭീഷണിക്കത്തിൽ മുന്നറിയിപ്പുണ്ടത്രെ!

ഊമക്കത്തിന്റെ രൂപത്തിൽ ഭീഷണി സന്ദേശം അയക്കുന്നവർ ഇരുട്ടിന്റെ സന്തതികളാണ്. ഗൂഢതാൽപര്യങ്ങൾ നേടിയെടുക്കുവാൻ ഏതറ്റംവരെ പോകാനും മടികാണിക്കാത്തവർ.

നിഷ്കളങ്കരായ മുസ്‌ലിംകളെ വഴിതെറ്റിക്കുന്നതാണ് ലേഖനമെന്നും ഇതിൽനിന്നു പിൻമാറണമെന്നും ആവശ്യപ്പെടുന്നവർ ആറു മാസത്തിനകം ഇസ്‌ലാം സ്വീകരിക്കണമെന്ന് അന്ത്യശാസനം നൽകുകകൂടി ചെയ്യുമ്പോൾ ഏതോ 'മുസ്‌ലിം ഭീകരവാദി'യായിരിക്കും ഇതിനു പിന്നിൽ എന്ന് ശുദ്ധമനസ്കർ പെട്ടെന്നു തന്നെ അനുമാനിക്കും. സാമാന്യബുദ്ധിയും അൽപമെങ്കിലും ദൈവബോധവുമുള്ള ഒരു മുസ്‌ലിം ഇപ്പണി ചെയ്യില്ല എന്നത് മൂന്നുതരം. ഇതൊന്നുമില്ലാത്ത വികാരജീവികളോ ആരുടെയെങ്കിലും കൈകളിലെ ചട്ടുകങ്ങളായി വർത്തിക്കുന്ന മുസ്‌ലിം നാമധാരികളിലാരെങ്കിലുമോ ഇത് ചെയ്തേക്കാം.

വേറെയും ചില സാധ്യതകൾ ഉണ്ട്. ബോധപൂർവം വർഗീയ കലാപം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഈയിടെയായി നമ്മുടെ നാട്ടിൽ വർധിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൂക്കോട്ടുംപാടത്ത് ഒരു ക്ഷേത്രത്തിൽ കയറി ഒരാൾ വിഗ്രഹങ്ങൾ തകർത്തത് ഈയിടെയാണ്. അയാളെ താമസിയാതെ പൊലീസിന് പിടികൂടാൻ സാധിച്ചതിനാൽ വർഗീയ കലാപമുണ്ടാക്കാനുള്ള ഗൂഢശ്രമം ചീറ്റിപ്പോവുകയാണുണ്ടായത്. പ്രൊഫസറുടെ കൈ വെട്ടിയ സംഭവം മുന്നിലുണ്ടായിരിക്കെ, ലേഖനമെഴുതിയതിന്റെ പേരിൽ രാമനുണ്ണിയുടെ കൈയും കാലും വെട്ടുമെന്ന് ആരെഴുതിയാലും അത് മുസ്‌ലിംകൾ അസഹിഷ്ണുക്കളാണെന്ന് വരുത്തിത്തീർക്കാനുള്ള എളുപ്പ വഴിയായികുമല്ലോ. കോഴ വിവാദം കത്തിനിൽക്കുന്ന സാഹചര്യത്തിൽ ജനശ്രദ്ധ തിരിച്ചുവിടാൻ നടത്തിയ ശ്രമമാണോ ഇതെന്നും സംശയിക്കേണ്ടിയിരിക്കുന്നു. സംഘപരിവാറിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും ഇസ്‌ലാമിന്റെ നന്മകളെ എടുത്തുപറയുകയും ചെയ്യുന്ന രാമനുണ്ണിയോട് ആർക്കാണ് ശത്രുതയുണ്ടാവുക എന്നത് ചിന്തനീയമാണ്.

ഏതായാലും ഒരു കാര്യം വ്യക്തമാണ്. മനുഷ്യത്വമുള്ളവരല്ല ഇതിനു പിന്നിൽ. യഥാർഥ മതവിശ്വാസികളുമല്ല. നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും പ്രലോഭനം നടത്തിയും ആളെക്കൂട്ടാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. വ്യക്തികൾക്ക് നിയമം കയ്യിലെടുക്കാനുള്ള അധികാരവും ഇസ്‌ലാം നൽകുന്നില്ല.

തൃശൂർ കേരളവർമ കോളേജ് അധ്യാപികയും എഴുത്തുകാരിയുമായ ദീപാനിശാന്തിനെ ആസിഡ് ആക്രമണം നടത്തിയോ മുറിവേൽപിച്ചോ അപായപ്പെടുത്തണമെന്ന സംഘപരിവാർ ഗ്രൂപ്പുകളുടെ ആഹ്വാനവും ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

ഒരു കാര്യം ഉറപ്പ്, മനുഷ്യത്വത്തിന്റെ ശത്രുപക്ഷത്തു നിൽക്കുന്നവരാണ് ഇവരെല്ലാം. ഇരുട്ടിൽ കഴിയുന്ന ഇവരെ പകൽവെളിച്ചത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. മൈത്രിയിൽ കഴിയുന്ന ജനങ്ങളെ തമ്മിലടിപ്പിക്കുവാൻ ആരെയും അനുവദിച്ചുകൂടാ.

ലേഖനം

അൻവർ അബൂബക്കർ
manwar78.vkd@gmail.com



# ഈമാൻ: ഒരു ഹ്രസ്വ വിശകലനം

'ഈമാൻ,' 'മുഅ്മിൻ' എന്നിങ്ങനെയുള്ള പദങ്ങൾ ഇസ്‌ലാമിക പ്രമാണങ്ങളിൽ ധാരാളം കാണാം. ഭാഷയിൽ 'ഈമാൻ' എന്ന് പറഞ്ഞാൽ അംഗീകരിക്കലാണ്; അഥവാ ഒരു കാര്യം സത്യമാണെന്ന് സമ്മതിക്കലാണ്. മതപരമായ അർഥത്തിൽ അത് ഹൃദയംകൊണ്ടുള്ള വിശ്വാസവും നാവുകൊണ്ടുള്ള മൊഴിയലും അവയവങ്ങൾകൊണ്ടുള്ള പ്രവർത്തനവുമാണ്. അല്ലാഹുവോടുള്ള അനുസരണംകൊണ്ട് അത് വർധിക്കുകയും പാപം കാരണം അത് ശുഷ്‌കിക്കുകയും ചെയ്യും.

അബൂഹുറയ്‌റ(റ) നിവേദനം. നബി(ﷺ) പറഞ്ഞു: "ഈമാന് അറുപതോളം ശാഖകളുണ്ട്. അതിൽഏറ്റവും ശ്രേഷ്ഠമായത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്യം പറയലാണ്. അതിൽ ഏറ്റവും താഴെയുള്ളത് വഴിയിൽ നിന്നും ബുദ്ധിമുട്ടുകൾ നീക്കലാണ്. ലജ്ജ ഈമാനിന്റെ ഭാഗമാണ്" (മുസ്‌ലിം).

നബി(ﷺ) പറഞ്ഞ ഈ കാര്യങ്ങൾ ഈമാനിന്റെ വിശദീകരണത്തിൽ പ്രകടമാകുന്നതായി കാണാം. അറുപതോളം ശാഖകളുള്ള ഈമാനിൽ ഏറ്റവും ശ്രേഷ്ഠമായ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്യം പറയൽ നാവുകൊണ്ടുള്ള മൊഴിയലാണ്. വഴിയിൽനിന്നും ബുദ്ധിമുട്ടുകൾ നീക്കൽ ഈമാനിന്റെ വിഷയത്തിലുള്ള അവയവങ്ങൾകൊണ്ടുള്ള പ്രവർത്തനമാണ്. ഈമാനിന്റെ ഭാഗമായ ലജ്ജ ഹൃദയംകൊണ്ടുള്ള പ്രവർത്തനവുമാണ്. ഹൃദയം കൊണ്ടുള്ള അംഗീകാരം വ്യത്യസ്ത രീതിയിലുള്ളതായതുകൊണ്ട് ഈ ഈമാൻ കൂടുകയും കുറയുകയും ചെയ്യുമെന്ന് അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഒരു വാർത്ത കേൾക്കുന്നതും കണ്ണ്‌കൊണ്ട് കാണുന്നത് അംഗീകരിക്കുന്നതും ഒരുപോലെയല്ല. ഒരാൾ പറഞ്ഞുകൊടുത്തതും ഒന്നിൽ കൂടുതൽ ആളുകൾ പറഞ്ഞുകൊടുത്തതും അപ്രകാരം തന്നെ. അല്ലാഹു പറയുന്നു: "എ

ന്റെ നാഥാ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചുതരേണമേ എന്ന് ഇബ്രാഹീം പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു.) അല്ലാഹു ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ? ഇബ്റാഹീം പറഞ്ഞു: അതെ. പക്ഷേ, എന്റെ മനസ്സിന് സമാധാനം ലഭിക്കാൻ വേണ്ടിയാകുന്നു. അല്ലാഹു പറഞ്ഞു: എന്നാൽ നീ നാലു പക്ഷികളെ പിടിക്കുകയും അവയെ നിന്നിലേക്ക് അടുപ്പിക്കുകയും (അവയെ കഷ്ണിച്ചിട്ട്) അവയുടെ ഓരോ അംശം ഓരോ മലയിലും വെക്കുകയും ചെയ്യുക. എന്നിട്ടവയെ നീ വിളിക്കുക. അവ നിന്റെ അടുക്കൽ ഓടിവരുന്നതാണ്. അല്ലാഹു പ്രതാപവാനും യുക്തിമാനുമാണ് എന്ന് നീ മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 2:260).

ഹൃദയംകൊണ്ട് അംഗീകരിക്കുന്നത് മുഖേന ലഭിക്കുന്ന ശാന്തിയും സമാധാനത്തിനുമനുസരിച്ച് ഈമാൻ വർധിക്കുന്നതാണ്. സ്വർഗത്തെയും നരകത്തെയും സംബന്ധിച്ചുള്ള ഉപദേശങ്ങൾ കേൾക്കുമ്പോൾ ഈമാൻ വർധിക്കും. അവ കണ്ണ്കൊണ്ട് കാണുന്നത് പോലെ തോന്നുകയും ചെയ്യും. എന്നാൽ അതേ ഉദ്ബോധനത്തിൽ നിന്ന് വിരമിക്കുകയും അശ്രദ്ധയിൽ മുഴുകുകയും ചെയ്താൽ പറയപ്പെട്ട ഈമാൻ കുറയുകയും ചെയ്യും.

ഇതുപോലെ തന്നെയാണ് നമ്മുടെ വാക്കിലൂടെ വർധിക്കുന്ന ഈമാനിന്റെയും അവസ്ഥ. ഒരു പ്രാവശ്യം അല്ലാഹുവിന്റെ നാമം ഉച്ചരിക്കുമ്പോഴും അതിൽ കൂടുതലായി ഉച്ചരിക്കുമ്പോഴും ഈമാനിൽ വ്യത്യാസമുണ്ടാകും. ദിക്റ് ഉൾപ്പടെയുള്ള അല്ലാഹുവിനുള്ള ആരാധന അതിന്റെ പരിപൂർണമായ രൂപത്തിൽ നിർവഹിക്കുമ്പോൾ ഒരാളുടെ ഈമാൻ വർധിക്കും. വീഴ്ചകളും ന്യൂനതകളും പ്രസ്തുത ആരാധനകളിൽ സംഭവിച്ചാൽ അവനിലുള്ള ഈമാൻ കുറയുകയും ചെയ്യും. ഒരാൾ അവയവങ്ങൾ കൊണ്ട് ധാരാളം ആരാധനാകർമങ്ങൾ ചെയ്യുന്നതും അത് ചെയ്യാതിരിക്കുന്നതും അപ്രകാരംതന്നെ.

ഈമാൻ കൂടുകയും കുറയുകയും ചെയ്യുമെന്ന കാര്യം അഹ്ലുസ്സുന്നഃ വൽ ജമാഅത്തിന്റെ അക്വീദ(വിശ്വാസം)യാണ്. ഹൃദയംകൊണ്ട് സത്യപ്പെടുത്തുന്നതും വാക്കുകൾകൊണ്ട് അത് പറയുന്നതും അവയവങ്ങൾകൊണ്ട് അത് പ്രവർത്തിക്കുന്നതുമാണ് ഈമാൻ. സൽകർമങ്ങൾ ഈമാൻ വർധിക്കുവാനും ദുഷ്കർമങ്ങൾ ഈമാൻ കുറക്കാനും കാരണമാക്കുമെന്ന് ഇമാം ശാഫിഈ(റഹി), ഇമാം അഹ്മദ് ബിൻ ഹമ്പൽ(റഹി), ഇമാം ബുഖാരി(റഹി) തുടങ്ങിയ പ്രഗത്ഭരായ ധാരാളം മഹാൻമാർ പരിശുദ്ധ ക്വുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും തെളിവുകൾ നിരത്തിക്കൊണ്ട് ചർച്ച ചെയ്തതായി കാണാം.

മദീനയിൽ താമസിച്ചിരുന്ന വേദക്കാരായ യഹൂദികളെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു: "നിങ്ങൾ അന്യോന്യം രക്തം ചിന്തുകയില്ലെന്നും സ്വന്തമാളുകളെ കുടിയൊഴിപ്പിക്കുകയില്ലെന്നും നിങ്ങളോട് നാം ഉറപ്പ് വാങ്ങിയ സന്ദർഭവും (ഓർക്കുക). എന്നിട്ട് നിങ്ങളത് സമ്മതിച്ച് ശരിവെക്കുകയും ചെയ്തു. നിങ്ങളതിന് സാക്ഷികളുമാകുന്നു. എന്നിട്ടും നിങ്ങളിതാ സ്വജനങ്ങളെ കൊന്നുകൊണ്ടിരിക്കുന്നു. നിങ്ങളിലൊരു വിഭാഗത്തെ തന്നെ അവരുടെ വീടുകളിൽ നിന്നും ഇറക്കി വിട്ടുകൊണ്ടിരിക്കുന്നു. തികച്ചും കുറ്റകരമായും അതിക്രമപരമായും അവർക്കെതിരിൽ നിങ്ങൾ അന്യോന്യം സഹായിക്കുകയും ചെയ്യുന്നു. അവർ നിങ്ങളുടെ അടുത്ത് യുദ്ധത്തടവുകാരായി വന്നാൽ നിങ്ങൾ മോചനമൂല്യം നൽകി അവരെ മോചിപ്പിക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ അവരെ പുറംതള്ളുന്നത് തന്നെ നിങ്ങൾക്ക് നിഷിദ്ധമായിരുന്നു. നിങ്ങൾ വേദഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ചിലത് തള്ളിക്കളയുകയുമാണോ? എന്നാൽ നിങ്ങളിൽ നിന്ന് അപ്രകാരം പ്രവർത്തിക്കുന്നവർക്ക് ഇഹലോകജീവിതത്തിൽ അപമാനമല്ലാതെ മറ്റൊരു ഫലവും കിട്ടാനില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാവട്ടെ അതികഠിനമായ ശിക്ഷയിലേക്ക് അവർ തള്ളപ്പെടുകയും ചെയ്യും. നിങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റിയൊന്നും അല്ലാഹു അശ്രദ്ധനല്ല" (2:84,85).

**ഒരു പ്രാവശ്യം അല്ലാഹുവിന്റെ നാമം ഉച്ചരിക്കുമ്പോഴും അതിൽ കൂടുതലായി ഉച്ചരിക്കുമ്പോഴും ഈമാനിൽ വ്യത്യാസമുണ്ടാകും. ദിക്റ് ഉൾപ്പടെയുള്ള അല്ലാഹുവിനുള്ള ആരാധന അതിന്റെ പരിപൂർണമായ രൂപത്തിൽ നിർവഹിക്കുമ്പോൾ ഒരാളുടെ ഈമാൻ വർധിക്കും. വീഴ്ചകളും ന്യൂനതകളും പ്രസ്തുത ആരാധനകളിൽ സംഭവിച്ചാൽ അവനിലുള്ള ഈമാൻ കുറയുകയും ചെയ്യും. ഒരാൾ അവയവങ്ങൾ കൊണ്ട്ധാരാളം ആരാധനാകർമങ്ങൾ ചെയ്യുന്നതും അത് ചെയ്യാതിരിക്കുന്നതും അപ്രകാരംതന്നെ.**

അല്ലാഹുവിന്റെ കൽപനകൾ പ്രവർത്തിക്കലും അല്ലാഹു വിരോധിച്ചത് വെടിയലും ഈമാനിന്റെ താൽപര്യത്തിൽ പെട്ടതാണെന്നതിന് ഈ സൂക്തങ്ങൾ വലിയ തെളിവാണ്. പ്രശസ്ത പണ്ഡി

തനായ അബ്ദുർറഹ്മാനുബ്നു നാസർ അസ്സഅദി(റഹി) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇക്കാര്യം വ്യക്തമായി വിശദീകരിക്കുണ്ട്. യഹൂദികൾ ഇവിടെ മൂന്ന് കാര്യങ്ങളാണ് പ്രവർത്തിച്ചത്: 1) അവർ പരസ്പരം രക്തം ഒഴുക്കി. 2) അവർ പരസ്പരം താമസസ്ഥലത്തുനിന്ന് പുറത്താക്കി. 3) യുദ്ധത്തടവുകാരെ മോചിപ്പിച്ചു. ഈ മൂന്നു കാര്യങ്ങളും പ്രവർത്തനങ്ങളാണ്. ഈ പ്രവർത്തനങ്ങളെ സൂചിപ്പിച്ചുകൊണ്ടാണ് അല്ലാഹു അവരോട് ചോദിച്ചത്, 'വേദഗ്രന്ഥത്തിന്റെ ചില ഭാഗത്തിൽ നിങ്ങൾ വിശ്വസിക്കുകയും, ചില ഭാഗത്തിൽ നിങ്ങൾ അവിശ്വസിക്കുകയുമാണോ ചെയ്യുന്നത്' എന്ന്. വേദഗ്രന്ഥത്തിലുള്ള ചില കാര്യങ്ങളിൽ യഹൂദികൾ ഈമാൻ പ്രകടിപ്പിക്കുന്നു, ചില കാര്യങ്ങളിൽ ഈമാനിന്റെ വിപരീതമായ കുഫ്റാണ് പ്രകടിപ്പിക്കുന്നത്. ഈമാൻ എന്നത് വെറും വിശ്വാസം മാത്രമല്ല, കർമങ്ങൾ കൂടി അതിൽ ഉൾപ്പെടുന്നതാണെന്ന് സ്പഷ്ടം.

ഉപരിസൂചിത ആയത്തിന് ഉമർ മൗലവി(റഹി) നൽകിയ വിശദീകരണം ശ്രദ്ധേയമാണ്: "ഈമാനും കുഫ്റും മനസ്സിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കാര്യങ്ങളല്ല. മദീനായിലെ അറബി ഗോത്രങ്ങൾ ഔസും ഖസ്റജുമായിരുന്നു. വിഗ്രഹാരാധകരായിരുന്ന ഇവർ തമ്മിൽ യുദ്ധങ്ങൾ നടന്നിരുന്നു. കയ്നുക്വാഅ്, നദീർ എന്നീ യഹൂദി ഗോത്രങ്ങൾ ഖസ്റജുമായി സന്ധിയിലേർപ്പെട്ടു. ക്വുറയ്ള എന്ന യഹൂദി ഗോത്രവും ഔസും സഖ്യകക്ഷികളായിരുന്നു. യുദ്ധത്തിൽ ജൂതന്മാർ സഖ്യകക്ഷികളോടൊത്ത് പോരാട്ടത്തിൽ പങ്കുചേരും. അതോടുകൂടെ എല്ലാ അതിക്രമങ്ങളും ചെയ്യും. അതിൽ ജൂതന്മാരെന്നോ അറബികളെന്നോ ഒരു വ്യത്യാസവുമുണ്ടാകില്ല. കൊലയും കൊള്ളയും നടത്തും. വീടുകളിൽ നിന്ന് ആട്ടിയോടിക്കും. ശത്രുപക്ഷത്തുള്ളവരെ ബന്ധനസ്ഥരാക്കും. എന്നാൽ യുദ്ധം അവസാനിച്ചാൽ, തടവിലുള്ള തങ്ങളുടെ സഹോദരന്മാരായ ജൂതന്മാരെ മോചിപ്പിക്കാൻ അവർ തന്നെ ശ്രമിക്കുകയും ചെയ്യും. മോചനമൂല്യം കൊടുക്കാൻ അത് ശേഖരിച്ചുണ്ടാക്കും. തടവുകാരെ മോചിപ്പിക്കും. ഈ സംഗതിയാണ് ആയത്തിൽ ചൂണ്ടിക്കാണിക്കുന്നത്. സഹോദരന്മാരായ ജൂതന്മാർക്കെതിരിൽ യുദ്ധം ചെയ്യുകയും പിന്നെ, തടവുകാരായാൽ മോചിപ്പിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ് എന്നതിന് ജൂതന്മാരുടെ മറുപടി ഇപ്രകാരമാണ്: 'സഖ്യകക്ഷികളെ സഹായിക്കാൻ അവരുമായി ചേർന്ന് യുദ്ധം ചെയ്യുന്നു. കരാർ ലംഘിക്കുന്നത് അപമാനകരമാണ്. തടവുകാരെ മോചിപ്പിക്കുന്ന കാര്യം ഞങ്ങളുടെ വേദത്തിലുള്ളതുമാണ്.' അതാണ് ക്വുർആൻ ചോദിക്കുന്നത്: 'സഹോദരങ്ങളെ വീട്ടിൽനിന്ന് പുറത്താക്കാൻ പാടില്ലെന്ന വേദകൽപന നിങ്ങൾ ധിക്കരിക്കുന്നു. മോചിപ്പിക്കുന്ന കാര്യം അനുസരിക്കുകയും ചെയ്യുന്നു. ചിലത് നിങ്ങൾക്ക് ഇഷ്ടപ്പെട്ടാൽ അവ സ്വീകരിക്കും. മറ്റു ചിലത് തള്ളിക്കളയുകയും ചെയ്യും. അത് മഹാ അക്രമമാണെന്ന് നിങ്ങൾ മനസ്സിലാക്കുക. ഇതിന് സമാനമായ നടപടി മുസ്‌ലിം സമുദായത്തിലുമുണ്ട്. നമസ്കരിക്കുന്നവർ തന്നെ സകാത്ത് കൃത്യമായി കൊടുക്കില്ല. നോമ്പനുഷ്ഠിക്കുന്നവർ പലിശ ഇടപാട് നടത്തും. ഇങ്ങനെ പലതും ജൂതമാതൃക തന്നെ!" (തർജുമാനുൽക്വുർആൻ. ഭാഗം 1, പേജ് 83).

മതം കൽപിച്ച കർമങ്ങളൊന്നും ചെയ്യാതെ മുൻകാലത്ത് പ്രത്യക്ഷപ്പെട്ട ചിലർ പറഞ്ഞു, 'അല്ലാഹുവിൽ എനിക്ക് വിശ്വാസമുണ്ട്. അവൻ എന്റെ ഹൃദയം കാണുന്നു. വിശ്വാസം മാത്രമായി കഴിയുന്നു.' ഇങ്ങനെ പറയുന്നവരുടെ ന്യായം അല്ലാഹു ഒരാളുടെ ഹൃദയത്തിലേക്കാണ് നോക്കുക എന്നതാണ്. 'ഇബ്ലീസിന്റെ കക്ഷികൾ' എന്നാണ് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ ഇവരെ വിശേഷിപ്പിച്ചത്. ആദം നബിﷺക്ക് സുജൂദ് ചെയ്യാൻ ഇബ്ലീസിനോട് അല്ലാഹുവിന്റെ കൽപന വന്നപ്പോൾ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിച്ചിരുന്ന ഇബ്ലീസ് അന്ന് പറഞ്ഞത് പ്രകൃതിപരമായ ന്യായമായിരുന്നു. 'തീയിൽ നിന്നും സൃഷ്ടിക്കപ്പെട്ട ഞാനെന്തിന് മണ്ണിൽനിന്നും സൃഷ്ടിച്ച മനുഷ്യനായ ആദമിന് സുജൂദ് ചെയ്യണം!' ഇവിടെ അല്ലാഹുവിന്റെ കൽപനയെ ഒഴിവാക്കാൻ ഇബ്ലീസ് 'ന്യായം' പറയുകയാണ് ചെയ്തത്. അല്ലാഹു കൽപിച്ച കർമം ചെയ്യാൻ അന്നേരം ഇബ്ലീസ് തയ്യാറായില്ല. ആയതിനാൽ അല്ലാഹു ഉണ്ട് എന്ന 'വിശ്വാസം' മാത്രം പോരാ, പ്രസ്തുത വിശ്വാസത്തിന് അനുസൃതമായി കർമങ്ങൾ കൂടി ചെയ്യേണ്ടതുണ്ട്. വിശ്വാസത്തോടൊപ്പം അല്ലാഹു കൽപിച്ച കർമങ്ങൾ ചെയ്താൽ മാത്രമാണ് ഒരു വ്യക്തിയുടെ ഈമാൻ ശരിയാവുന്നത്.

ഹൃദയംകൊണ്ട് വിശ്വസിക്കുകയും ആ വിശ്വാസം വാക്കുകൊണ്ടും പ്രവർത്തികൊണ്ടും സാക്ഷാത്കൃതമാക്കുകയും ചെയ്യുന്ന രൂപത്തിൽ ഈമാൻ എന്ന സാങ്കേതിക പദത്തെ മനസ്സിലാക്കാൻ ശ്രമിച്ചാൽ, അതുമായി ബന്ധപ്പെട്ട നമ്മുടെ കുറവുകൾ സ്വയം വിചാരണ ചെയ്യുവാനും പരിഹരിക്കാനും സാധിക്കുന്നതാണ്. ●

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# വൈവാഹിക ജീവിതത്തിന്റെ സൽഫലങ്ങൾ

**“നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്” (ക്വുർആൻ 30:21)**

വിവാഹത്തെ ആത്മീയതക്ക് തടസ്സമായി ചിലർ കാണാറുണ്ട്. ബ്രഹ്മചര്യമാണ് ദൈവത്തിലേക്കടുക്കാൻ ഏറ്റവും ഉത്തമമെന്ന് അവർ അനുമാനിക്കുന്നു. എന്നാൽ മനുഷ്യരുടെ സ്രഷ്ടാവ് സ്ത്രീ-പുരുഷ ഇണകളായിട്ടാണ് അവരെ സൃഷ്ടിച്ചത്. മനുഷ്യവംശത്തിന്റെ നിലനിൽപിന്നും ഒട്ടനവധി നന്മകൾക്കും നിമിത്തമായ ആ പാരസ്പര്യത്തെ സൃഷ്ടികർത്താവിന്റെ അനുഗ്രഹമായിട്ടാണ് വിശുദ്ധ ക്വുർആൻ എടുത്തുകാണിച്ചിട്ടുള്ളത്.

“നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു”(78:8). “അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് തന്നെ ഇണകളെ ഉണ്ടാക്കുകയും, നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രൻമാരെയും പൗത്രൻമാരെയും ഉണ്ടാക്കിത്തരികയും, വിശിഷ്ട വസ്തുക്കളിൽ നിന്നും അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു...” (16:72).

ഭാര്യ-ഭർതൃ ബന്ധത്തെയും അതിൽനിന്നുണ്ടാകുന്ന കുടുംബ ബന്ധത്തെയുമെല്ലാം പവിത്രമായി കാണുന്ന ഇസ്‌ലാം ആ വിശുദ്ധ ബന്ധങ്ങളിലെ കടമകളും കടപ്പാടുകളും നിർവഹിച്ച് അവ മാന്യമായി പാലിക്കണമെന്നും പ്രത്യേകം ഉണർത്തിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചു കൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു”(4:1).

വ്യഭിചാരം നിഷിദ്ധമെന്ന് പറഞ്ഞ് ലൈംഗികതയെന്ന പ്രകൃതിപരമായ വികാരത്തിനു നേരെ കണ്ണടക്കുകയല്ല ഇസ്‌ലാം ചെയ്യുന്നത്. മറിച്ച് വിശുദ്ധമായ വിവാഹത്തെ മനുഷ്യരാശിക്കു മുമ്പിൽ സമർപ്പിക്കുകയാണ് ഇസ്‌ലാം.

വിവാഹത്തിന് ശേഷിയുള്ള യുവസമൂഹത്തോട് വിവാഹം കഴിക്കാൻ നിർദേശിച്ച മുഹമ്മദ് നബിﷺ അത് കണ്ണിനും ലൈംഗികാവയവത്തിനും സുരക്ഷിതമാണെന്ന് ഉണർത്തുക കൂടി ചെയ്തു. വിവാഹം ദൈവികമായ അനുഗ്രഹമാണ്. ആനന്ദവും ആഹ്ലാദവും നിറഞ്ഞൊഴുകുന്ന ഒരു ഉൽകൃഷ്ട ബന്ധം. പരസ്പരമുള്ള കടമകളും കടപ്പാടുകളും നബിﷺ പഠിപ്പിച്ചതനുസരിച്ച് പിന്തുടരാൻ സാധിച്ചാൽ ആ ആനന്ദവും ആഹ്ലാദവും നിലനിർത്താൻ കഴിയും. ഇല്ലെങ്കിൽ മധുരനിമിഷങ്ങൾ അത്യധികം കയ്പുള്ള ദിനരാത്രങ്ങക്ക് വഴിമാറും. ദൈവികമായ വിധിവിലക്കുകൾ പാലിച്ചുകൊണ്ടുള്ള ദാമ്പത്യവല്ലരിയിൽ വിരിയുന്ന കുസുമങ്ങളും ആനന്ദദായകമായിരിക്കും. അങ്ങനെ സ്വസ്ഥവും സുഭദ്രവുമായ ഒരു കുടുംബത്തെ രൂപപ്പെടുത്താൻ സ്രഷ്ടാവിന്റെ അനുഗ്രഹത്തോടെ മനുഷ്യന് സാധിക്കുന്നതാണ്.

എന്നാൽ കുടുംബത്തെയും വിവാഹത്തെയുമൊക്കെ ആത്മീയ മാർഗത്തിലെ വിലങ്ങുതടികളായി കാണുന്നവർ പ്രകൃതിവിരുദ്ധവും മതവിരുദ്ധരുമായ ഒരു ആശയത്തെയാണ് വാരിപ്പുണരുന്നത്. അത് പ്രായോഗികമോ മോക്ഷദായകമോ അല്ലെന്നതാണ് വാസ്തവം. അത് നന്മയാണെങ്കിൽ മനുഷ്യരൊക്കെ ആ ‘നന്മ’ സ്വീകരിച്ചാലോ? എന്തായിരിക്കും സ്ഥിതിവിശേഷം? ബ്രഹ്മചാരികളിൽ പലരുടെയും രഹസ്യജീവിതം തന്നെ ബ്രഹ്മചര്യം അപ്രായോഗികമായ ഒന്നാണെന്ന് വ്യക്തമാക്കുന്നുണ്ട് എന്നതും പരസ്യമായ രഹസ്യമാണ്.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# രാംനാഥ് കോവിന്ദും ഇന്ത്യയുടെ ഭാവിയും


ഇന്ത്യയുടെ പതിനാലാമത് പ്രഥമ പൗരനായി രാം നാഥ് കോവിന്ദ് സ്ഥാനമേറ്റിരിക്കുകയാണ്. ജൂലായ് 25 നു ചീഫ് ജസ്റ്റിസ് ജഗദിഷ് സിംഗ് ഖേഹാറിന്റെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് രാംനാഥ് കോവിന്ദ് ന്യൂഡൽഹിയിലെ റെയ്സീന കുന്നുകളിലേക്ക് കയറിപ്പോകുന്ന ചരിത്രമുഹൂർത്തത്തിന് രാഷ്ട്രം സാക്ഷിയായി. മതേതരത്വത്തിന്റെ സുന്ദരമുഖം പൂണ്ടിരുന്ന മലയാളികളുടെ അഭിമാനമായിരുന്ന കെ. ആർ നാരായണന് ശേഷം ദളിത് വിഭാഗത്തിൽ നിന്നും ഒരാൾ രാഷ്ട്രപതിഭവനിലേക്ക് കാലെടുത്തു വെക്കുമ്പോൾ മതേതരത്വത്തിന്റെ ഭാവിയെ കുറിച്ച് രാജ്യത്തെ ജനങ്ങളിൽ ആശങ്കകൾ വർധിക്കുകയാണ്. 1930ൽ ലോക പ്രശസ്ത ആർക്കിടെക്ട് സർ എഡ്വിൻ ലുറ്റ്യൻസ് രൂപകൽപന ചെയ്ത അതിമനോഹരമായ രാഷ്ട്രപതിഭവനിൽ ഡോ: എസ്. രാധാകൃഷ്ണൻ, സാകിർ ഹുസൈൻ, എ. പി. ജെ. അബ്ദുൽ കലാം, പ്രണബ് കുമാർ മുഖർജി തുടങ്ങിയ പ്രതിഭാധനരായ വ്യക്തിത്വങ്ങൾ ഇരുന്ന പീഠത്തിലേക്ക് സംഘപരിവാറിന്റെ നോമിനിയായ കോവിന്ദ് ആനയിക്കപ്പെടുമ്പോൾ ഭാരതത്തിന്റെ ഭരണഘടന എത്രമാത്രം സുരക്ഷിതമായിരിക്കുമെന്ന ചോദ്യം പ്രസക്തമാവുകയാണ്.

സംഘ്പരിവാരശക്തികൾ ദളിതുകൾക്കെതിരെ നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങൾ പാർലമെന്റിന്റെ ഇരുസഭകളിലും വിഷയമാക്കി കേന്ദ്രസർക്കാരിനെതിരെ പ്രതിപക്ഷം ആഞ്ഞടിക്കാനൊരുങ്ങുമ്പോഴാണ് ദളിത് സമുദായത്തിൽ നിന്നുതന്നെയുള്ള ഒരാളെ രാഷ്ട്രപതി സ്ഥാന

ത്ത് അവരോധിച്ചുകൊണ്ട് ബി.ജെ.പി നേതൃത്വം പ്രതിപക്ഷത്തെയും ഇന്ത്യയിലെ മുഴുവൻ മതേതരവിശ്വാസികളെയും അമ്പരിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് ഇദംപ്രഥമമായി രണ്ടു ദളിതർ തമ്മിലുണ്ടായ പോരാട്ടത്തിൽ ബി.ജെ.പി. നേതൃത്വം നൽകുന്ന നാഷണൽ ഡെമോക്രാറ്റിക് അലയൻസിന്റെ സ്ഥാനാർഥിയായി മത്സരിച്ച രാംനാഥ് മുൻ രാഷ്ട്രപതിമാരിൽ നിന്നും വിഭിന്നമാവുന്നത് അദ്ദേഹത്തിന്റെ സംഘ്പരിവാർ ആഭിമുഖ്യമാണ്. ചരിത്രത്തിലാദ്യമായാണ് ഒരു ബി.ജെ.പി അംഗം ബി.ജെ.പിക്കാർ പോലും നിനച്ചിരിക്കാതെ രാജ്യത്തിന്റെ പ്രഥമപൗരനാവുന്നത്. വരാനിരിക്കുന്ന ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് കൂടി കഴിയുമ്പോൾ രാജ്യത്തിന്റെ പ്രധാന പദവികളിൽ മുഴുവൻ സംഘ്പരിവാരങ്ങൾ ഇരിപ്പിടം ഉറപ്പിക്കും.

ഉത്തർ പ്രദേശിലെ കാൻപൂർ ജില്ലയിൽ പെട്ട പരൗങ്ക് ഗ്രാമത്തിലെ ഒരു മൺകുടിലിൽ പട്ടികജാതി വിഭാഗത്തിൽ ഒരു നെയ്ത്തുകാരന്റെ മകനായി ജനിച്ച കോവിന്ദ് കനൽവഴികൾ താണ്ടിയാണ് രാജ്യത്തിന്റെ ഏറ്റവും ഉന്നതമായ സ്ഥാനത്ത് എത്തിയിട്ടുള്ളത്. കിലോമീറ്ററുകൾ നടന്ന് കഷ്ടപ്പാടുകൾ സഹിച്ചാണ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കാൻപൂർ സർവകലാശാലയിൽ നിന്നും നിയമത്തിൽ ബിരുദമെടുത്ത അദ്ദേഹം ഡൽഹിയിൽ പോയി സിവിൽ സർവീസ് പരീക്ഷ എഴുതി മൂന്നാമത്തെ പരിശ്രമത്തിൽ വിജയിച്ചു ഐ.എ.എസ് നേടിയെടുത്തു. പക്ഷേ, ഭരണ സേവനത്തെക്കാൾ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നത് നിയമസേവനത്തിലായിരുന്നു. 1977ൽ കേന്ദ്ര സർക്കാരിന്റെ അഭിഭാഷകനായി ഡൽഹി ഹൈക്കോടതിയിൽ പ്രവർത്തിച്ച അദ്ദേഹം അന്നത്തെ പ്രധാനമന്ത്രിയായിരുന്ന മൊറാർജി ദേശായിയുടെ പേഴ്സണൽ അസിസ്റ്റന്റ് ആയും സേവനമനുഷ്ഠിച്ചു. 1980 മുതൽ 1993 വരെ സുപ്രീം കോടതിയിൽ കേന്ദ്ര സർക്കാരിന്റെ സ്റ്റാന്റിംഗ് കോൺസൽ ആയിരുന്ന അദ്ദേഹം ഡൽഹി ആസ്ഥാനമായി പാവപ്പെട്ടവർക്ക് നിയമസഹായം എത്തിക്കുന്നതിന് രൂപം കൊണ്ട ഫ്രീ ലീഗൽ എയ്ഡ് സൊസൈറ്റിയുടെ പ്രവർത്തകനുമായിരുന്നു. ദളിതരിലെ നെയ്ത്തുജോലി കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കോലി സമുദായത്തിൽ പെട്ട കോവിന്ദ് അഖിലേന്ത്യാ കോലി സമാജത്തിന്റെ ദേശീയ അധ്യക്ഷനുമായിരുന്നു.

ചെറുപ്പം മുതൽ ആർ.എസ്.എസ് അംഗമായിരുന്ന കോവിന്ദ് ആർ. എസ്. എസ്സിന്റെ മുഖമായി ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്നില്ല. 1991ൽ ബി.ജെ.പി അംഗത്വം നേടിയതോടെയാണ് കോവിന്ദിലെ ആർ.എസ്.എസ് മനം പുറത്തേക്ക് വരുന്നത്. ഒട്ടേറെ കഴിവുകളും യോഗ്യതകളുമുണ്ടായിട്ടും ബി.ജെ.പിയുടെ ഉന്നത സ്ഥാനങ്ങളിലെത്താനോ ലോകസഭാ അംഗമാവാനോ മന്ത്രിസഭയിൽ സ്ഥാനം ലഭിക്കാനോ അദ്ദേഹത്തിന് തടസ്സമായത് അദ്ദേഹത്തിന്റെ ദളിത് മുഖമായിരുന്നു. ഭരണഘടനാ പരിജ്ഞാനമുള്ള ബി.ജെ.പിയിലെ ചുരുക്കം അഭിഭാഷകരിൽ ഒരാളായിരുന്ന കോവിന്ദിനെ യു.പി രാഷ്ട്രീയത്തിലെ നേതാവാക്കി ഉയർത്താൻ ബി.ജെ.പിയും ആർ.എസ്.എസ്സും മുതിരാതിരുന്നതും അക്കാരണം കൊണ്ടുതന്നെയായിരുന്നു. രണ്ടു തവണ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്തെങ്കിലും ലോകസഭയിലേക്ക് മത്സരിക്കാൻ കോവിന്ദ് നൽകിയ അപേക്ഷകൾ ബി.ജെ.പി തള്ളിക്കളഞ്ഞത് ദളിതരോടുള്ള ബി.ജെ.പിയുടെ നിലപാട് വ്യക്തമാക്കുന്നതാണ്. ഇപ്പോൾ അതേ കോവിന്ദിനെ രാഷ്ട്രപതി സ്ഥാനത്തേക്ക് നരേന്ദ്ര മോഡിയും അമിത്ഷായും നിർദേശിച്ചത് ഒരു വെടിക്ക് രണ്ടു പക്ഷികളെ വീഴ്ത്തുകയെന്ന ലക്ഷ്യത്തോടെയാണ്. ദളിതർക്കും ന്യൂനപക്ഷങ്ങൾക്കുമെതിരെ നടക്കുന്ന സംഘപരിവാർ ആൾക്കൂട്ട ഭീകരതയിൽ നിന്നും മുഖം രക്ഷിക്കുകയാണ് ഒരു ലക്ഷ്യം. മറ്റൊന്ന് ആർ.എസ്.എസ് ഇപ്പോഴും പരസ്യമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും എക്കാലവും അജണ്ടയായി അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ ഭരണഘടനയുടെ പൊളിച്ചെഴുത്തിനുള്ള രംഗവേദി ഒരുക്കലാണ്. ഏതെങ്കിലുമൊരു സമുദായത്തിൽ നിന്നും ഒരാൾ രാഷ്ട്രപതി സ്ഥാനത്ത് എത്തിയാൽ ആ സമുദായത്തിന് വേണ്ടി അയാൾക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നത് മൗഢ്യമാണെന്ന കാര്യം എല്ലാവർക്കുമറിയാം. ദളിതൻ രാഷ്ട്രപതിയാവുന്നതിനു വേണ്ടി വലിയ ഗീർവാണങ്ങൾ മുഴക്കിയിട്ടുള്ളവരൊക്കെയും ദളിത് സമൂഹത്തെ തങ്ങളുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.



1991ൽ ബി.ജെ.പിയിൽ അംഗമായ രാംനാഥ് 1998 മുതൽ 2002 വരെ ബി. ജെ.പി. ദളിത് മോർച്ചയുടെ പ്രസിഡന്റായി പ്രവർത്തിച്ചു. ദേരാപൂരിൽ തനിക്ക് അനന്തരമായി കിട്ടിയ സ്വത്തുക്കൾ ആർ. എസ്. എസ്സിന് സംഭാവന നൽകിക്കൊണ്ടാണ് കോവിന്ദ് ആർ. എസ്. എസുമായുള്ള ബന്ധം ഊട്ടിയുറപ്പിച്ചത്.

രാഷ്ട്രീയ രംഗത്ത് പ്രത്യേകമായ കഴിവുകളൊന്നും പ്രകടിപ്പിക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത രാംനാഥ് കോവിന്ദിന്റെ ന്യൂനപക്ഷ വിരുദ്ധ മുഖം പ്രകടമായത് 2010 ലാണ്. ഇന്ത്യയിലെ മത ഭാഷാ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ കുറിച്ച് പഠിക്കാൻ നിയോഗിച്ച രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിലാണ് രാംനാഥ് കോവിന്ദ് വിഷലിപ്തമായ പ്രസ്താവന നടത്തി ശ്രദ്ധേയനായത്. ദളിത് വിഭാഗങ്ങളിൽ നിന്നും ഇസ്‌ലാമിലേക്കോ ക്രിസ്തുമതത്തിലേക്കോ പരിവർത്തനം ചെയ്തിട്ടുള്ളവർക്ക് സംവരണത്തിന് അവകാശമുണ്ടെന്ന രംഗനാഥ് മിശ്ര കമ്മീഷന്റെ നിർദേശത്തെ ബി.ജെ.പി ശക്തിയുക്തം എതിർക്കുകയുണ്ടായി. അതേസമയം സിഖ് മതത്തിലേക്ക് പരിവർത്തനം ചെയ്ത ദളിതർക്ക് സംവരണത്തിനുള്ള അർഹതയുണ്ടെന്നുള്ള യാഥാർഥ്യം ചൂണ്ടിക്കാണിച്ചപ്പോൾ വിചിത്രമായ പ്രതികരണമായിരുന്നു കോവിന്ദ് നടത്തിയത്. സിഖ് മതം ഇന്ത്യക്കകത്തുള്ള മതമാണെന്നും ഇസ്‌ലാം, ക്രൈസ്തവ മതങ്ങൾ രാജ്യത്തിനു പുറത്ത് നിന്നും വന്ന മതങ്ങളാണെന്നുമായിരുന്നു കോവിന്ദ് പറഞ്ഞത്. രാജ്യത്തിന്റെ ഭരണഘടന അറിയുന്ന ഒരാൾ തന്നെ ഭരണഘടനാ വിരുദ്ധ പ്രസ്താവന നടത്തിയത് എന്തുകൊണ്ടും അപലപനീയമായിരുന്നു. ബി.ജെ.പിയുടെയും ആർ.എസ്.എസ്സിന്റെയും പ്രീതി ലഭിക്കാൻ ഈ പ്രസ്താവന ഹേതുവാകുകയും ബീഹാർ ഗവർണർ സ്ഥാനത്തേക്ക് ബി.ജെ.പി രാംനാഥ് കോവിന്ദിനെ ഉയർത്തിക്കൊണ്ടുവരികയും ചെയ്തു.

ഭരണഘടനയോടുള്ള ആർ.എസ്.എസ്സിന്റെ തന്നെ കാഴ്ചപ്പാടിനെ അരക്കിട്ടുറപ്പിക്കും വിധമുള്ള പ്രസ്താവനയായിരുന്നു അത്. ഇന്ത്യയുടെ ജനാധിപത്യത്തെയും മതേതരത്വത്തെയും ഒരു കാലത്തും അംഗീകരിച്ചിട്ടില്ലാത്ത പാർട്ടിയാണ് ആർ.എസ്.എസ്. അതുകൊണ്ട് തന്നെ മൂന്നു തവണ ആർ.എസ്.എസ് ഇന്ത്യയിൽ നിരോധിക്കപ്പെട്ടിട്ടുണ്ട്. നിരോധനം ഒഴിവാക്കിക്കിട്ടുന്നതിനു വേണ്ടി മാത്രം മതേതരത്വത്തിന് സാങ്കേതികമായ അംഗീകാരം നൽകി രക്ഷപ്പെടുകയായിരുന്നു പിന്നീടവർ ചെയ്തത്. മതേതരത്വത്തോടും ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തോടുമുള്ള ആർ.എസ്.എസ്സിന്റെ നിഷേധാത്മകമായ നിലപാടിന് അവരുടെ സൈദ്ധാന്തികമായ അടിത്തറയുമായി ബന്ധമുണ്ട്. നമ്മുടെ ഭരണഘടന സംഘാത്മകമായിരിക്കരുത്; പകരം ഏകാത്മകമായിരിക്കണമെന്നാണ് അവർ വിശ്വസിക്കുന്നത്. ഭാരതീയ ജനസംഘത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറിയും ആർ.എസ്.എസ്. ഉൾക്കൊള്ളുന്ന ഭാരതീയ ദർശനത്തിന്റെ ഉപജ്ഞാതാവുമായ പണ്ഡിറ്റ് ദീനദയാൽ ഉപാധ്യായയുടെ ദർശനമാണ് ആർ.എസ്.എസ് മുന്നോട്ട് വെക്കുന്ന അവരുടെ ഭാവി അജണ്ട. സംഘാത്മകമായിരിക്കരുത് അഥവാ ഫെഡറൽ ആവരുത് എന്ന അജണ്ട നടപ്പാവണമെങ്കിൽ ഭരണഘടനയുടെ മൂലക്കല്ലുകളായ ഫെഡറൽഘടനയും ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം എന്നിവയോടുള്ള പ്രതിബദ്ധതയും പൊളിച്ചടുക്കേണ്ടതായിട്ടുണ്ട്. ഏകാത്മക രാഷ്ട്ര ദർശനം പകരം വെക്കേണ്ടതുണ്ട്. ദീനദയാൽ പറഞ്ഞത് ഇങ്ങനെയാണ്: 'ഭാരതത്തിൽ സംസ്ഥാനങ്ങളുടെ അധികാരം മൗലികമാണ്. കേന്ദ്രാധികാരം അതിന്റെ ആകെത്തുകയും. ഇത് സത്യത്തിനു വിരുദ്ധമാണ്. ഭാരതത്തിന്റെ ഏകതയുടെയും അഖണ്ഡതയുടെയും ധാരണക്ക് വിരുദ്ധമാണ്. അതിന് ഭാരതമാതാവിന്റെ സജീവവും ചൈതന്യവത്തുമായ സങ്കൽപമില്ല.'

**രണ്ടു തവണ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്തെങ്കിലും ലോകസഭയിലേക്ക് മത്സരിക്കാൻ കോവിന്ദ് നൽകിയ അപേക്ഷകൾ ബി.ജെ.പി തള്ളിക്കളഞ്ഞത് ദളിതരോടുള്ള ബി.ജെ.പിയുടെ നിലപാട് വ്യക്തമാക്കുന്നതാണ്. ഇപ്പോൾ അതേ കോവിന്ദിനെ രാഷ്ട്രപതി സ്ഥാനത്തേക്ക് നരേന്ദ്ര മോഡിയും അമിത്ഷായും നിർദേശിച്ചത് ഒരു വെടിക്ക് രണ്ടു പക്ഷികളെ വീഴ്ത്തുകയെന്ന ലക്ഷ്യത്തോടെയാണ്. ദളിതർക്കും ന്യൂനപക്ഷങ്ങൾക്കുമെതിരെ നടക്കുന്ന സംഘപരിവാർ ആൾക്കൂട്ട ഭീകരതയിൽ നിന്നും മുഖം രക്ഷിക്കുകയാണ് ഒരു ലക്ഷ്യം. മറ്റൊന്ന് ആർ.എസ്.എസ് ഇപ്പോഴും പരസ്യമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും എക്കാലവും അജണ്ടയായി അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ ഭരണഘടനയുടെ പൊളിച്ചെഴുത്തിനുള്ള രംഗവേദി ഒരുക്കലാണ്.**

വിവിധ സംസ്കാരങ്ങളെയും തങ്ങൾക്കിഷ്ടമില്ലാത്ത സംവിധാനങ്ങളെയും മുറിച്ചുമാറ്റുകയെന്ന അജണ്ട നടപ്പാക്കാനാണ് ഇപ്പോൾ ആർ.എസ്.എസ് സംഘപരിവാർ പ്രഭൃതികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു രാജ്യത്തെ ജനങ്ങൾ ഒരേ സംസ്കാരവും ഒരേ വിശ്വാസവും ഒരേ ആചാരങ്ങളും ആഘോഷങ്ങളും സ്വീകരിച്ചുവരുമ്പോൾ ആ രാജ്യം ഏകാത്മകമാവുക സ്വാഭാവികമാണ്. അത്തരമൊരു സ്വാഭാവിക പരിണതിയെ ആരും വിമർശിക്കില്ല. എന്നാൽ ഇന്ത്യയിൽ പരശ്ശതം മതങ്ങളും സമുദായങ്ങളും ദർശനങ്ങളും പ്രത്യയ ശാസ്ത്രങ്ങളും ജീവിച്ചുകൊണ്ടിരിക്കുമ്പോൾ അവയെ മുഴുവൻ കഴുത്തുഞെരിച്ചു കൊന്നുകൊണ്ട് ബഹുത്വത്തെ ഇല്ലാതാക്കി ഏകാത്മകമാക്കുക എന്നത് നീതീകരിക്കാൻ സാധിക്കില്ല. ആർ.എസ്.എസ് അജണ്ടയാക്കി സ്വീകരിച്ച ദീനദയാലിന്റെ വരികളിൽ എങ്ങനെയാണ് ബഹുത്വത്തെ ഇല്ലാതാക്കി ഏകാത്മകതയെ സ്ഥാപിക്കേണ്ടത് എന്ന കാര്യം വ്യക്തമാക്കുന്നുണ്ട്. 'നമ്മുടെ സമാജം ആരോഗ്യപൂർണവും വികസനോന്മുഖവുമായ ജീവിതം നയിക്കണം. ഇതിനായി നാം അനേകം സമ്പ്രദായങ്ങൾ ഒഴിവാക്കേണ്ടി വരും. അനവധി പരിഷ്കാരങ്ങൾ നടപ്പിലാക്കേണ്ടി വരും. മനുഷ്യത്വത്തെ വികസിപ്പിക്കാൻ ആവശ്യമായതും നമ്മുടെ ഏകാത്മതക്കും അഭിവൃദ്ധിക്കും പോഷകമായിട്ടുള്ളതുമായ എല്ലാം നമ്മൾ ചെയ്യും. അതിനു പ്രതിബന്ധമായിട്ടുള്ളതിനെയെല്ലാം തട്ടിനീക്കും. ഈശ്വരൻ തന്നിട്ടുള്ള ഈ ശരീരം ആത്മഗ്ലാനി പേറി നടക്കാനുള്ളതല്ല. ശരീരത്തിൽ വ്രണമുണ്ടെങ്കിൽ അത് മുറിച്ച് മാറ്റേണ്ടതാവശ്യമാണ്.'


പതിറ്റാണ്ടുകളായി ആർ.എസ്.എസ്സും ബി.ജെ.പിയും മനസ്സിൽ കൊണ്ടുനടന്നതും 2014നു ശേഷം നരേന്ദ്ര മോഡി നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ അജണ്ട മുകളിൽ പറഞ്ഞതാണ്. അയോധ്യയുമായി ബന്ധപ്പെട്ട കോടതിവിധികൾ വന്നാലും ഇല്ലെങ്കിലും അവിടെ ഉയർത്താനുള്ള രാമക്ഷേത്രത്തിന്റെ ശിലകൾ തയ്യാറാക്കപ്പെട്ടുകഴിഞ്ഞു. രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കും അവർണ വിഭാഗങ്ങൾക്കും നേരെ നടക്കുന്ന ആൾക്കൂട്ട ഭീകരതയിലൂടെയും പശു ഭീകരതയിലൂടെയും രാജ്യത്ത് ആരൊക്കെ ജീവിക്കണം, എന്തൊക്കെ കഴിക്കണം എന്ന് തീരുമാനിച്ചുകൊണ്ട് തങ്ങൾക്കിഷ്ടമില്ലാത്ത 'വ്രണങ്ങളെ' മുഴുവൻ മുറിച്ചു മാറ്റുന്ന പ്രക്രിയകൾ ആരംഭിച്ചു കഴിഞ്ഞു. ആരോടും ഒന്നും ആലോചിക്കേണ്ടതില്ലെന്നും തങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുമെന്ന് തീരുമാനിച്ചുറപ്പിച്ചു മുന്നേറുന്ന മോഡി, അമിത് ഷാ കൂട്ടുകെട്ടിന് പലപ്പോഴും രാഷ്ട്രപതി മുഖർജി ഒരു 'കൊസറാകൊള്ളി'യായിരുന്നു. ഇന്നിപ്പോൾ അതിനും റാൻ മൂളാനായി ഒരു രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും ലഭിക്കുന്നുവെന്ന ആത്മവിശ്വാസത്തിലാണ് സംഘപരിവാർ ശക്തികൾ.

ഫെഡറൽ സംവിധാനങ്ങളെ നോക്കുകുത്തിയാക്കി നിയമങ്ങൾ പരിഷ്കരിക്കാൻ ശ്രമിച്ചു സുപ്രീംകോടതിയിൽ നിന്നും കടുത്ത വിമർശനം നേരിടേണ്ടി വന്ന സംഘപരിവാർ സർക്കാർ അധികാരത്തിലേറിയ ഉടൻ ആസൂത്രണ കമ്മീഷനെ പൊളിച്ചടുക്കിയത് നാം കണ്ടതാണ്. പകരം 'നീതി ആയോഗ്' ആവിഷ്കരിക്കുകയും ചെയ്തു. കറൻസി നിരോധനത്തിലൂടെ രാജ്യത്തെ ജനങ്ങളുടെ മുഴുവൻ ക്ഷമ പരീക്ഷിച്ച് സർക്കാരിന് മുമ്പിൽ വിനീതവിധേയന്റെ വേഷം കെട്ടാൻ പൗരനെ നിർബന്ധിക്കുന്ന കാഴ്ചയും നാം കണ്ടു. സംസ്ഥാനങ്ങളുടെ നികുതിപിരിവിന് മേൽ കത്തിവെച്ച് അവിടെ ജി.എസ്.ടിയെയും പ്രതിഷ്ഠിച്ചു. പൗരന്റെ സ്വകാര്യത സംബന്ധിച്ച അവകാശം എടുത്തുകളയാൻ ആധാറുമായി ബന്ധപ്പെട്ട കേസിൽ സുപ്രീംകോടതിയിൽ സ്വീകരിച്ച നിലപാടും നാം വായിച്ചറിഞ്ഞു. ഇങ്ങനെയൊക്കെ രാജ്യം ഭീഷണി നേരിടുന്ന കാലത്തും നമ്മുടെ ദേശീയ മതേതര ഇടതുപക്ഷ സംഘടനകൾ പരസ്പരം പാരവെച്ചും കുതികാൽ വെട്ടിയും കഴിഞ്ഞുകൂടുന്നുവെന്നത് നമ്മെ ഏറെ ലജ്ജിപ്പിക്കുന്നു.

രാംനാഥ് കോവിന്ദ് രാജ്യത്തെ എങ്ങനെ നയിക്കുമെന്ന് അറിയാൻ മർദിത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് താൽപര്യമുണ്ട്. കേവലം പ്രധാനമന്ത്രിയുടെ റബ്ബർ സ്റ്റാമ്പായി, ഭരണകൂടം ഏൽപിച്ച പ്രാഥമിക ബാധ്യതകൾ മാത്രം നിറവേറ്റിക്കൊണ്ട് രാജ്യം കത്തിച്ചാമ്പലാവുമ്പോഴും രാഷ്ട്രപതിഭവനിലിരുന്നു നീറോ ചക്രവർത്തിയെപ്പോലെ വീണ വായിച്ചുകൊണ്ടിരുന്നാൽ ഇന്ത്യയെന്ന, ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ മതേതര രാഷ്ട്രം നാമാവശേഷമാവുമെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടാവട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. രാജ്യം നേരിടുന്ന ഭയാനകമായ സ്ഥിതിവിശേഷത്തെ മനസ്സിലാക്കി രാജ്യത്തിന്റെ ബഹുസ്വരത ഉൾക്കൊണ്ട് എല്ലാ വിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുത്തതുകൊണ്ട് നാനാത്വത്തിൽ ഏകത്വമെന്ന രാഷ്ട്രത്തിന്റെ മഹിത തത്ത്വങ്ങൾ പ്രയോഗവൽക്കരിക്കാനും ഇച്ഛാശക്തിയോടെ പ്രവർത്തിക്കാനും അദ്ദേഹത്തിന് സാധിക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം. ●

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല





# സ്ത്രീകൾക്ക് സുരക്ഷിതത്വം നൽകുന്ന മതം

**ഒ**രാൾക്ക് വിശ്വാസം പുൽകുവാനുള്ള ഭാഗ്യം നൽകപ്പെടാതിരിക്കുകയും പരമകാരുണികന് വഴിപ്പെടുന്നത് അയാൾ സ്വയമേവ നിർവഹിക്കുകയും ചെയ്തില്ലയെങ്കിൽ അയാൾ അധമനും അനാദരണീയനുമാണ്. വാക്കിലും വിശ്വാസത്തിലും പ്രവൃത്തിയിലും ഈമാനിനുള്ള വിഹിതമെത്രയാണോ അതിനനുസരിച്ചാണ് ഒരു മനുഷ്യന് ആഭിജാത്യത്തിന്റെയും അപമാനത്തിൽ നിന്നുള്ള സുരക്ഷിതത്വത്തിന്റെയും വിഹിതം. മതനിഷ്ഠയില്ലാതെ അന്തസ്സ് അന്വേഷിക്കുന്നവൻ നിന്ദ്യതയുടുക്കും. ഇസ്‌ലാമല്ലാത്തതിൽ ആദരവ് ലക്ഷ്യമാക്കുന്നവൻ അപമാനം പേറും.

ഇവിടെ അറിയൽ അനിവാര്യമായ ഒന്നുണ്ട്. അഥവാ, ഒന്നാമത്തെ ഇനമായ തക്‌രീമുൻ ആമ്മ് രണ്ടാമത്തെ ഇനമായ തക്‌രീമുൻ ഖാസ്സ് നേടുന്നതിനുള്ള കാരണങ്ങൾ യഥാവിധം നിർവഹിക്കൽ മനുഷ്യന് അനിവാര്യമാണെന്നതാണത്. അഥവാ, അല്ലാഹുവിന് വഴിപ്പെടുന്ന മാർഗേണ തന്റെ കഴിവിനെ പരമാവധി വിനിയോഗിക്കുക, അല്ലാഹുവിന്റെ പ്രീതി നേടുന്ന വഴിയിൽ തന്റെ അധ്വാനം സമർപ്പിക്കുക എന്നത് സമ്പത്ത്, ആരോഗ്യം, സൗഖ്യം എന്നിവയാലും മറ്റും അല്ലാഹു ആദരിച്ച വ്യക്തിയുടെ ബാധ്യതയാ കുന്നു. ഇല്ലായെങ്കിൽ ആ ആദരവിനെ കുറിച്ച് അന്ത്യനാളിൽ അവനെ അല്ലാഹു ചോദ്യം ചെയ്യുന്നതാണ്.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. അവർ ചോദിച്ചു: “അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അന്ത്യനാളിൽ ഞങ്ങളുടെ റബ്ബിനെ കാണുമോ?' തിരുദൂതർ(ﷺ) പറഞ്ഞു: ‘കാർമേഘം ഇല്ലാത്ത ഉച്ച സമയത്ത് സൂര്യനെ

കാണുന്നതിൽ നിങ്ങൾക്ക് വിഷമം ഉണ്ടാകുമോ? കാർമേഘം ഇല്ലാത്ത പൗർണമിരാവിൽ ചന്ദ്രനെ കാണുന്നതിൽ നിങ്ങൾക്ക് വിഷമം ഉണ്ടാകുമോ?' അവർ പറഞ്ഞു: 'ഇല്ല.' നബിﷺ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണ് സത്യം! അവ രണ്ടും കാണുന്നതിൽ നിങ്ങൾക്ക് വിഷമമില്ല എന്നത് പോലെ നിങ്ങളുടെ രക്ഷിതാവിനെ കാണുന്നതിൽ നിങ്ങൾക്ക് വിഷമം ഉണ്ടാവുകയില്ല.'

അല്ലാഹു ദാസനെ കണ്ടുമുട്ടും. അല്ലാഹു പറയും: 'അല്ലയോ മനുഷ്യാ, ഞാൻ നിന്നെ ആദരിക്കുകയും നേതൃപദത്തിലാക്കുകയും വിവാഹം കഴിപ്പിക്കുകയും നിനക്ക് കുതിരകളെയും ഒട്ടകങ്ങളെയും കീഴ്പ്പെടുത്തിത്തരുകയും  ഭരിക്കുവാനും ലാഭം കൊയ്യുവാനും നിന്നെ വിട്ടേക്കുകയും ചെയ്തില്ലേ?' ദാസൻ പറയും: 'അതെ.' അല്ലാഹു പറയും: 'എന്നിട്ട് എന്നെ കണ്ടുമുട്ടേണ്ടിവരും എന്ന് നീ കരുതിയോ?' ദാസൻ പറയും: 'ഇല്ല. അല്ലാഹു' പറയും: 'നിശ്ചയം ഞാൻ നിന്നെ കയ്യൊഴിക്കുന്നു; നീ എന്നെ വിസ്മരിച്ച തുപോലെ.'

ശേഷം അല്ലാഹു രണ്ടാമത് ഒരു ദാസനെ കണ്ടുമുട്ടും. അല്ലാഹു പറയും: 'അല്ലയോ മനുഷ്യാ, ഞാൻ നിന്നെ ആദരിക്കുകയും നേതൃപദത്തിലാക്കുകയും വിവാഹം കഴിപ്പിക്കുകയും നിനക്ക് കുതിരകളേയും ഒട്ടകങ്ങളേയും കീഴ്പ്പെടുത്തിത്തരുകയും ഭരിക്കുവാനും ലാഭം കൊയ്യുവാനും നിന്നെ വിട്ടേക്കുകയും ചെയ്തില്ലേ?' ദാസൻ പറയും: 'രക്ഷിതാവേ, അതെ.' അല്ലാഹു പറയും: 'എന്നിട്ടും എന്നെ കണ്ടുമുട്ടേണ്ടിവരും എന്ന് നീ കരുതിയോ?' ദാസൻ പറയും: 'ഇല്ല.' അല്ലാഹു പറയും: 'നിശ്ചയം ഞാൻ നിന്നെ കയ്യൊഴിക്കുന്നു; നീ എന്നെ വിസ്മരിച്ചതുപോലെ.'

ശേഷം അല്ലാഹു മൂന്നാമത് ഒരു ദാസനെ കണ്ടുമുട്ടും. അല്ലാഹു, അയാളോടും അതുപോലെ പറയും. ദാസൻ പറയും: 'രക്ഷിതാവേ, ഞാൻ നിന്നെയും നിന്റെ വേദഗ്രന്ഥത്തെയും ദൂതന്മാരെയും വിശ്വസിച്ചംഗീകരിക്കുകയും നമസ്കരിക്കുകയും നോമ്പെടുക്കുകയും ദാനം നൽകുകയും ചെയ്തു.' അയാൾക്ക് സാധ്യമാം വിധം അയാൾ സ്വന്തത്തെ പ്രശംസിച്ചു പറയും. അപ്പോൾ അല്ലാഹു പറയും: 'എങ്കിൽ (നീ ജൽപിച്ചതിന്നെതിരിൽ സാക്ഷ്യം സ്ഥിരീകരിക്കുവാൻ) നീ ഇവിടെ നിൽക്കുക.'

ശേഷം അയാളോട് പറയപ്പെടും: 'ഇപ്പോൾ നിന്റെ മേൽ നമ്മുടെ സാക്ഷിയെ ഞാൻ നിയോഗിക്കും.' അയാളാകട്ടെ എന്റെമേൽ സാക്ഷി പറയുന്നവൻ ആരായിരിക്കുമെന്ന് തന്റെ മനസ്സിൽ ആലോചിക്കും. അങ്ങനെ അയാളുടെ വായക്ക് മുദ്രവെക്കപ്പെടും. അയാളുടെ തുടയോടും മാംസത്തോടും എല്ലിനോടും പറയപ്പെടും: 'സംസാരിക്കൂ.' അതോടെ അയാളുടെ തുടയും മാംസവും എല്ലുകളും സംസാരിക്കും. അല്ലാഹു തന്റെ ഭാഗത്തുനിന്നുള്ള ഒഴിവുകഴിവ് കാണിക്കുന്നതിനു വേണ്ടിയാണത്. കപടവിശ്വാസിയാകുന്നു അയാൾ. ആ വ്യക്തിയോടത്രേ അല്ലാഹു കോപിക്കുക" (മുസ്‌ലിം).

**ഋജുവായ ഇസ്‌ലാമിക ദർശനം അതിന്റെ ശരിയായ നിദർശനങ്ങളിലൂടെയും യുക്തിഭദ്രമായ നിർദേശങ്ങളിലൂടെയും മുസ്‌ലിം സ്ത്രീയെ സംരക്ഷിച്ചു. അവൾക്കുള്ള അന്തസ്സും ആദരവും സൂക്ഷിക്കുകയും അവൾക്കുള്ള പ്രതാപത്തിന്റെയും സൗഭാഗ്യത്തിന്റെയും സാക്ഷാത്കാരം ഏറ്റെടുക്കുകയും സമൃദ്ധ ജീവിതത്തിനുവേണ്ട വിഭവങ്ങൾ അവൾക്കായി ഇസ്‌ലാം ഒരുക്കുകയും ചെയ്തു. സംശയങ്ങളുടെയും കുഴപ്പങ്ങളുടെയും തിന്മകളുടെയും നാശങ്ങളുടെയും സാഹചര്യങ്ങളിൽനിന്ന് അന്യംനിന്നുകൊണ്ടാണിത്.**

ആരോഗ്യം, സൗഖ്യം, സമ്പത്ത്, പാർപ്പിടം, ഭക്ഷണം, പാനീയം തുടങ്ങിയുള്ളവ കൊണ്ട് അല്ലാഹു മനുഷ്യനെ ആദരിച്ചതിൽ അവൻ ചോദ്യം ചെയ്യപ്പെടുമെന്നതിനു ഈ ഹദീഥ് വ്യക്തമായ തെളിവാകുന്നു. കാരണം അല്ലാഹു അവനെ ആദരിച്ചത് അവൻ അല്ലാഹുവിന് വഴിപ്പെടുവാനും അവന്റെ പ്രീതിക്കായി പ്രവർത്തിക്കുവാനുമാണ്. അനുഗ്രഹത്തെ അനർഹമായ നിലയ്ക്ക് വിനിയോഗിച്ചാലും നേരല്ലാത്ത മാർഗത്തിൽ ഉപയോഗിച്ചാലും അന്ത്യനാളിൽ അതിൽ മനുഷ്യൻ വിചാരണ ചെയ്യപ്പെടും.

### ഇസ്‌ലാമിൽ സ്ത്രീക്കുള്ള ആദരവ്

ഋജുവായ ഇസ്‌ലാമിക ദർശനം അതിന്റെ ശരിയായ നിദർശനങ്ങളിലൂടെയും യുക്തിഭദ്രമായ നിർദേശങ്ങളിലൂടെയും മുസ്‌ലിം സ്ത്രീയെ സംരക്ഷിച്ചു. അവൾക്കുള്ള അന്തസ്സും ആദരവും സൂക്ഷിക്കുകയും അവൾക്കുള്ള പ്രതാപത്തിന്റെയും സൗഭാഗ്യത്തിന്റെയും സാക്ഷാത്കാരം ഏറ്റെടുക്കുകയും സമൃദ്ധ ജീവിതത്തിനുവേണ്ട വിഭവങ്ങൾ അവൾക്കായി ഇസ്‌ലാം ഒരുക്കുകയും ചെയ്തു. സംശയങ്ങളുടെയും കുഴപ്പങ്ങളുടെയും തിന്മകളുടെയും നാശങ്ങളുടെയും സാഹചര്യങ്ങളിൽനിന്ന് അന്യംനിന്നുകൊണ്ടാണിത്.

ദാസന്മാരോടുള്ള അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്തിൽ പെട്ടതാണിതെല്ലാം; അവർക്ക് സാരോപദേശമേകിയും അവർ വിതക്കുന്ന കുഴപ്പങ്ങളെ നന്നാക്കിയും അവരുടെ മാർഗഭ്രംശങ്ങളെ നേരാക്കിയും അവർക്ക് പുലരേണ്ട സൗഭാഗ്യത്തെ ഏറ്റെടുത്തും അവന്റെ ശരീഅത്തിനെ അവരിൽ അവതിരിപ്പിച്ചുകൊണ്ടുമാണിത്. ഇസ്‌ലാം കൊണ്ടുവന്ന മഹത്തായ നിയന്ത്രണങ്ങൾ സ്ത്രീകൾക്കു സുരക്ഷിതത്വത്തിന്റെ രക്ഷാകവാടമായി എണ്ണപ്പെടുന്നു. എന്നു മാത്രമല്ല വിപത്തുകളും പരീക്ഷണങ്ങളും വന്നു ഭവിക്കുന്നതിൽ നിന്നും കുഴപ്പങ്ങളും കഷ്ടതകളും അവരിൽ വന്നിറങ്ങുന്നതിൽനിന്നും മൊത്തം സമുദായത്തിനുതന്നെ അവ രക്ഷയുടെ സുരക്ഷാകവാടമായി എണ്ണപ്പെടുന്നു.

സ്ത്രീകളുമായി ബന്ധപ്പെട്ട ഇസ്‌ലാമികമായ നിയമങ്ങൾ സമൂഹത്തോട് യാത്രപറഞ്ഞാൽ സമൂഹത്തിൽ നാശം ഭവിക്കുകയും വിപത്തുകളും അപകടങ്ങളും തുടർക്കഥകളാവുകയും ചെയ്യും. ഇതിന്റെ ഏറ്റവും വലിയ സാക്ഷ്യം ചരിത്രമാണ്. സംസ്‌കാരങ്ങളുടെ തകർച്ച, സമൂഹങ്ങളുടെ ശൈഥില്യം, സ്വഭാവങ്ങളുടെ ദൂഷ്യത, നീചവൃത്തികളുടെ വ്യാപനം, മൂല്യങ്ങളുടെ തകർച്ച, കുറ്റകൃത്യങ്ങളുടെ സാർവത്രികത എന്നിവയുടെ മുഖ്യകാരണം സ്ത്രീകളുടെ അണിഞ്ഞൊരുങ്ങിയുള്ള രംഗപ്രവേശവും നഗ്നതാ പ്രദർശനവും പരപുരുഷന്മാരോടൊത്തുള്ള കൂടിക്കലരലും ചമഞ്ഞൊരുങ്ങുവാനും അന്യരോടു ഇടപഴകുവാനുമുള്ള അവളുടെ അമിതമായ ഭ്രമവും പരപുരുഷന്മാരോട് ഒഴിഞ്ഞിരിക്കലും സർവവിധ അലങ്കാരവുമുടുത്ത്, മികച്ച ഉടയാടകളണിഞ്ഞ് സുഗന്ധം പൂശി പൊതുവേദികളിൽ അവൾ നിത്യസന്ദർശകയായതുമാണെന്ന് ചരിത്രത്തിന്റെ സുദീർഘമായ ഇന്നലെകളെ നിരീക്ഷണം നടത്തുന്ന ഏതൊരാൾക്കും കണ്ടെത്താനാകും.

ഇബ്നുൽഖയ്യിം(റഹി) പറഞ്ഞു: "നിസ്സംശയം, പരപുരുഷന്മാരോട് ഇടപഴകുവാൻ സ്ത്രീകൾക്ക് അവസരമേകിയതാണ് എല്ലാവിധ കുഴപ്പങ്ങളുടെയും തിന്മകളുടെയും അടിസ്ഥാന കാരണം. സർവവ്യാപിയായ ശിക്ഷകൾ വന്നിറങ്ങുവാനുള്ള പല കാരണങ്ങളിൽ പ്രധാനവും അതുതന്നെയാണ്. സാധാരണക്കാരുടെയും പ്രത്യേകക്കാരുടെയും പ്രശ്നങ്ങൾ അവതാളത്തിലാകുവാനുള്ള കാരണങ്ങളിലൊന്നും അതാണ്. പരപുരുഷന്മാരോടുള്ള കൂടിക്കുഴച്ചിലാണ് നീചവൃത്തികളും വ്യഭിചാരവും പെരുകുവാനുള്ള കാരണം. അതാകട്ടെ സമൂല നാശത്തിന്റെയും തുടർച്ചയായ മാറാവ്യാധികളുടെയും ഹേതുവുമാണ്. മൂസാ(عليه السلام)യുടെ സമൂഹത്തിലേക്ക് അഭിസാരികകൾ ചേക്കേറുകയും നീചവൃത്തി അവരിൽ സാർവത്രികമാവുകയും ചെയ്തപ്പോൾ അവർക്കെതിരിൽ അല്ലാഹു മാറാവ്യാധികളെ നിയോഗിച്ചു. അതോടെ ഒരു ദിനം എഴുപതിനായിരം ആളുകൾക്ക് ജീവഹാനി നേരിട്ടു. ഈ സംഭവം ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ പ്രസിദ്ധമാണ്. സ്ത്രീകൾക്ക് പുരുഷന്മാരോട് കൂടിക്കലരുവാനും നഗ്നതപ്രദർശിപ്പിച്ചും സൗന്ദര്യപ്രകടനം നടത്തിയും അന്യർക്കിടയിൽ ഉലാത്തുവാനും അവസരം സൃഷ്ടിച്ചത് കാരണത്താൽ വ്യഭിചാരം സാർവത്രികമായതാണ് കൂട്ടനാശത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന്. ഇതിനാൽ മതം അപകടപ്പെടുന്നതിനു മുമ്പു തന്നെ ലോകവും ലോകരും അപകടത്തിലാകുന്നത് രക്ഷിതാക്കൾ അറിഞ്ഞിരുന്നുവെങ്കിൽ അവരാകുമായിരുന്നു ഇത് തടയുന്നതിൽ ഏറ്റവും തീവ്രത പുലർത്തുന്നവർ.

ഇത്തരം കുഴപ്പങ്ങളുടെ അടിവേരറുക്കുന്നതും സമുദായത്തെ ഇത്തരം അപായങ്ങളിൽനിന്നും തിന്മകളിൽനിന്നും രക്ഷപ്പെടുത്തുന്നതുമായ ചികിത്സാരീതികളും സുരക്ഷാപദ്ധതികളുമായാണ് ഇസ്‌ലാമിന്റെ ആഗമനം. വൻപാപങ്ങളെ വർജിക്കുവാനും നീചവൃത്തികളിൽനിന്നും നാശഗർത്തങ്ങളിൽനിന്നും വിദൂരപ്പെടുവാനും സഹായിക്കുന്ന അനുഗൃഹീതമായ അധ്യാപനങ്ങളത്രെ അത്. അല്ലാഹുവിൽനിന്ന് ദാസന്മാർക്കുള്ള കാരുണ്യവും അവരുടെ അഭിമാനങ്ങൾക്കുള്ള സുരക്ഷയും ഭൗതികലോകത്തെ നിന്ദ്യതയിൽനിന്നും പരലോകത്തെ ശിക്ഷയിൽനിന്നും അവർ



ക്കുള്ള സുരക്ഷണവുമത്രെ ഈ അധ്യാപനങ്ങൾ.

സ്ത്രീകളാലുള്ള കുഴപ്പങ്ങൾ സംഭവിച്ചു കഴിഞ്ഞാൽ അളവറ്റതും പര്യവസാനം ശോചനീയവുമായ ധാരാളം കെടുതികളും തിന്മകളും അപകടങ്ങളും അതിനെ തുടർന്ന് തലപൊക്കുമെന്ന് അറിയിക്കുന്ന തെളിവുകൾ ഇസ്‌ലാം ബോധ്യപ്പെടുത്തുന്നുണ്ട്.

ഉസാമഃ ഇബ്നു സെയ്ദിﷺൽനിന്നു ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു. തിരുനബിﷺ പറയുന്നു:

"പുരുഷനു സ്ത്രീകളെക്കാൾ വിനയായ ഒരു ഫിത്നയും ഞാൻ എന്റെ കാലശേഷം വിട്ടേച്ചിട്ടില്ല."

അബൂസഈദിൽഖുദ്‌രിﷺയിൽനിന്നും ഇമാം മുസ്‌ലിം നി വേദനം ചെയ്യുന്നു. നബിﷺ പറയുന്നു:

"നിങ്ങൾ ദുൻയാവിനെയും സ്ത്രീകളെയും സൂക്ഷിക്കുക. കാരണം, ഇസ്‌റാഈല്യരിലെ ആദ്യത്തെ ഫിത്നഃ സ്ത്രീകളുടെ വിഷയത്തിലായിരുന്നു."

ഇതിനാലാണ് ഇസ്‌ലാം സ്ത്രീക്കും പുരുഷനും കൃത്യമായ നിയമങ്ങളും മഹനീയമായ നിർദേശങ്ങളും നിശ്ചയിച്ചത്. ഇവകൊണ്ട് യഥാവിധം നിലക്കൊള്ളുമ്പോഴാണ് ഇഹത്തിലും പരത്തിലുമുള്ള മുഴുവൻ നന്മകളും മഹത്ത്വങ്ങളും ആദരവുകളും സഫലീകൃതമാകുന്നത്. അല്ലാഹു പറയുന്നു:

"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും നീ പറയുക" (ക്വുർആൻ 24:31,32).

"പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്" (ക്വുർആൻ 33:32,33).

"നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 33:59).

**മൂസാﷺയുടെ സമൂഹത്തിലേക്ക് അഭിസാരികകൾ ചേക്കേറുകയും നീചവൃത്തി അവരിൽ സാർവത്രികമാവുകയും ചെയ്തപ്പോൾ അവർക്കെതിരിൽ അല്ലാഹു മാറാവ്യാധികളെ നിയോഗിച്ചു. അതോടെ ഒരു ദിനം എഴുപതിനായിരം ആളുകൾക്ക് ജീവഹാനി നേരിട്ടു. ഈ സംഭവം ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ പ്രസിദ്ധമാണ്. സ്ത്രീകൾക്ക് പുരുഷന്മാരോട് കൂടിക്കലരുവാനും നഗ്നതപ്രദർശിപ്പിച്ചും സൗന്ദര്യപ്രകടനം നടത്തിയും അന്യർക്കിടയിൽ ഉലാത്തുവാനും അവസരം സൃഷ്ടിച്ചത് കാരണത്താൽ വ്യഭിചാരം സാർവത്രികമായതാണ് കൂട്ടനാശത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന്.**

ഈ വിഷയത്തിൽ പ്രമാണ വചനങ്ങൾ വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും ധാരാളമാണ്. ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടുവാനോ ജനജീവിതം കുടുസ്സാക്കുവാനോ ഇസ്‌ലാം ഈ നിയമങ്ങളെ നിശ്ചയിച്ചയിച്ചിട്ടില്ല. പ്രത്യുത സമൂഹത്തെ സംരക്ഷിക്കുവാനും അതിന്റെ ഔന്നത്യം കാക്കുവാനും അഭിമാനവും ആഭിജാത്യവും നിലനിർത്തുവാനും മാത്രമാണ് ഈ നിയമങ്ങളെ കൽപിച്ചത്.

മുസ്‌ലിം സ്ത്രീയുടെ സ്വാതന്ത്ര്യം ഹനിക്കുവാൻ വേണ്ടി ഇസ്‌ലാം ഈ നിയമങ്ങളെ അവളുടെമേൽ അടിച്ചേൽപിച്ചിട്ടില്ല. നാണക്കേടിൽനിന്ന് അവളെ കാക്കുവാനും നീചവൃത്തിക്ക് ഇരയാകുന്നതിൽനിന്ന് അവളെ സംരക്ഷിക്കുവാനും കുറ്റകൃത്യത്തിലും കുഴപ്പത്തിലും നിപതിക്കുന്നതിൽനിന്ന് അവളെ തടുക്കുവാനും ഭക്തിയുടെയും വിശുദ്ധിയുടെയും പവിത്രതയുടെയും ഉടയാട അവളെ ധരിപ്പിക്കുന്നതിനു വേണ്ടിയുമാണ് പ്രസ്തുത നിയമങ്ങളെ ആവിഷ്കരിച്ചത്. നീചവൃത്തിയിലേക്ക് എത്തിക്കുകയും അധാർമികതയിൽ ആപതിപ്പിക്കുകയും ചെയ്യുന്ന സമഗ്ര വഴികളെയും ഇസ്‌ലാം അവകൊണ്ട് കൊട്ടിയടച്ചു. ഇതത്രെ സ്ത്രീകൾക്കുള്ള യാഥാർഥ ആദരവ്. ●

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# രക്തദാനത്തിന്റെ വിലയറിഞ്ഞ നാളുകൾ

അനന്തപുരിയിലേക്കുള്ള ഔദ്യോഗിക യാത്രക്കുശേഷം നാലാം നാൾ പുലർച്ചെയാണ് നാട്ടിലെത്തിയത്.

ഉറങ്ങിയെണീറ്റപ്പോളൊരിളം പനി. നാടൻ ക്രിയകളിൽ ഒതുങ്ങാതിരുന്ന പനിയെ തുരത്താൻ പ്രാദേശിക ഭിഷഗ്വര സഹായത്താൽ പാരാസെറ്റമോൾ, ആന്റിബയോട്ടിക് ഗുളികകളാൽ മൂന്നു നാൾ ശ്രമിച്ചെങ്കിലും പനികുറഞ്ഞതല്ലാതെ ക്ഷീണം വിട്ടുപോയില്ല.

നാട്ടു നടപ്പനുസരിച്ച് മെഡിക്കൽ ലാബിലെത്തി പ്ലേറ്റ്ലറ്റ് കണക്ക് നോക്കിയപ്പോൾ ശരിക്കും ഞെട്ടി. ചുരുങ്ങിയത് ഒന്നര ലക്ഷം വേണ്ടിടത്ത് 29000 മാത്രം.

ഉടനെ ബന്ധുക്കളെ കൂട്ടി ആശുപത്രിയിലേക്ക്. കോരിച്ചൊരിയുന്ന മഴ. പനിരോഗികളുടെ ആധിക്യം മൂലമുണ്ടായ സ്ഥലപരിമിതി കാരണം രോഗികളെ സ്വീകരിക്കാനാവാതെ ആശുപത്രികൾ. പോരാത്തതിന് നേഴ്സുമാരുടെ സമര പ്രഖ്യാപനത്തിന്റെ നിഴലും.

സൗകര്യം കുറയേണ്ടെന്ന ധാരണയിൽ ഇത്തിരി ദൂരെയാണെങ്കിലും സ്വകാര്യമെഡിക്കൽ കോളേജിലേക്ക് തന്നെ തിരിച്ചു. കാഷ്വാലിറ്റിയിലേക്ക് അതിവേഗമെത്തിച്ചെങ്കിലും പിന്നെ കാര്യങ്ങൾക്ക് ഒച്ചിനെക്കാൾ വേഗത കുറവ്. നിറഞ്ഞ കട്ടിൽ കൂട്ടത്തിലൊന്നിൽ സ്ഥാനം കിട്ടിയെങ്കിലും എന്താണെന്ന് അന്വേഷിക്കാൻ പോലും പൊടിക്കൊരു ഡോക്ടർ പോലും അടുക്കുന്നില്ല. അടുത്തുകൂടെ നടന്ന ചിലരോട് ഭാര്യ അഭ്യർഥിച്ചെങ്കിലും വരും എന്ന വാമൊഴിയല്ലാതെ മറ്റൊന്നും കുറേ നേരത്തിനുണ്ടായില്ല.

വെട്ടിപ്പൊളിയുന്ന തലവേദനയുമായി സാന്ത്വനമൊന്നും ലഭിക്കാതെ കാഷ്വാലിറ്റിയിലെ തണുപ്പിൽ ഞാൻ നിസ്സഹായനായി തളർന്നു കിടന്നു. ഒടുവിൽ എന്റെ പരവശത കണ്ട ഒരു ലേഡി ഡോക്ടർ കാര്യങ്ങൾ ആരാഞ്ഞ് കുറിപ്പെഴുതി മറ്റൊരു ഡോക്ടറുടെ അഭിപ്രായം തേടി ചില ടെസ്റ്റുകൾക്ക് ഉത്തരവിട്ടു. മണിക്കൂറുകൾ കടന്നുപോയി. ഒടുവിൽ പരിശോധന വിവരം എത്തി. കൗണ്ട് 29000ൽ നിന്ന് 24000 ആയി കുറഞ്ഞിരിക്കുന്നു!

അഡ്മിറ്റ് വേണം, റൂമില്ല! അഞ്ച് പേരുടെ രക്തം ഉടൻ വേണം, അല്ലെങ്കിൽ ആശുപത്രിക്ക് ഉത്തരവാദിത്തം ഉണ്ടാകില്ല എന്നിങ്ങനെ ഭാര്യയെ ഭയപ്പെടുത്തുന്നത് തളർച്ചയിലും ഞാൻ കേട്ടു. രാത്രിയിലെവിടെ നിന്ന് രക്തം കിട്ടാൻ!

പനിയെക്കാൾ വലിയ പരീക്ഷണമായിരുന്ന പിന്നീടെത്തിയ വാർഡിൽ. നിറയെ രോഗികൾ, അവരുടെ കൂട്ടിരിപ്പുകാർ, തേങ്ങലുകൾ, മുരളലുകൾ, ഉപകരണങ്ങളുടെ നിലക്കാത്ത നിലവിളികൾ. തലക്ക് മുകളിൽ കത്തിനിൽക്കുന്ന ബൾബുകൾ. പരിമിതമായ ബാത്ത്റൂം സൗകര്യം. നേരിയ തണുപ്പായി ശരീരത്തിലേക്ക് അരിച്ചുകയറുന്ന ഗ്ലൂക്കോസ് ബോട്ടിലുമായി മണിക്കൂറുകൾ.

പിറ്റേന്ന് റൂമിലേക്ക്. ക്രിക്കറ്റിലെ സ്കോർ പോലെ പ്ലേറ്റ്ലറ്റ് കൗണ്ടിന് വേണ്ടിയുള്ള കാത്തിരിപ്പ്. ഔദ്യോഗിക വിളികൾ, സന്ദർശക ബാഹുല്യം, സ്നേഹാന്വേഷണങ്ങൾ. അർധ മയക്കത്തിൽ പലരെയും കണ്ടു, കേട്ടു. ഒരു ഫോൺ അറ്റന്റ് ചെയ്യാൻ പോലുമാവാതെ നിസ്സഹായനായി ഞാൻ.

കൗണ്ട് 15000ലേക്ക് താഴ്ന്നു. നാലു ബോട്ടിൽ രക്തം(പ്ലേറ്റ്ലെറ്റ്) കുത്തിവെച്ചു. സഹോദരന്മാരും കൂട്ടുകാരുമത് സംഘടിപ്പിക്കാൻ ഏറെ പണിപ്പെട്ടു. കുത്തിവെയ്പിന് ശേഷം കൗണ്ട് 40000 എത്തിയ ആശ്വാസത്തിലായിരുന്നു രാത്രി ഉറക്കം.

പക്ഷേ, പിറ്റേന്ന് രാവിലെ 13000 ആയി കുറഞ്ഞു. പ്രാർഥനകളുടെ എണ്ണവും വണ്ണവും കൂടിയിരിക്കണം. ആറ് നാളിനകം 120000 കൗണ്ടിലേക്ക് എത്തിപ്പെട്ടു.

നേരിട്ടും അല്ലാതെയും വിവരങ്ങൾ അന്വേഷിച്ച സഹപ്രവർത്തകരെയും അതിലുപരി കൂട്ടുകാരെയും കുടുംബത്തെയും മറക്കാനാവില്ല. പക്ഷേ, രക്തം നൽകിയവരെക്കുറിച്ചോർക്കുമ്പോൾ സന്തോഷം, അത്ഭുതം ശമിക്കുന്നില്ല.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ബാലപഥം

# ഉപദേശം

പുലർച്ചെ നമ്മൾ ഉണരേണം
കുളിച്ചു പള്ളിയിൽ പോകേണം.
പഠിച്ചിടേണം ദീൻ കാര്യം
ഗ്രഹിച്ചിടേണം തിരുക്വുർആൻ.
മുറിച്ചിടേണം നഖമെല്ലാം
കടിച്ചിടല്ലെ നഖമാരും.
പിടിച്ചിടല്ലെ പിടിവാശി
കഴിച്ചിടേണം ആഹാരം.
കളിച്ചിടേണം പതിവായി
ലഭിച്ചിടാനായ് ആരോഗ്യം.

ഉരച്ചിടേണം ബിസ്മില്ലാ
സ്തുതിച്ചിടേണം റഹ്മാനെ.
പഠിച്ചിടേണം നന്നായി
മടിച്ചിടല്ലെ നന്നാവാൻ.
സഹിച്ചിടേണം വിഷമങ്ങൾ
ക്ഷമിച്ചിടേണം നന്നായി.
തനിച്ചു ദൂരെ പോകല്ലെ
പകച്ചു കെണിയിൽ ചാടല്ലെ.
ശ്രവിച്ചിടേണം ഉപദേശം
മരിച്ചുപോകും ഒരുനാളിൽ.




അയൽവാസി കൂലിപ്പണിയൊഴിവാക്കിയെത്തിയത്, സഹപ്രവർത്തകൻ നേരത്തെയെത്തിയത്, സഹോദരന്റെ വിവാഹത്തലേനാളിലെ തിരക്കിനിടയിൽ നിന്ന് ഓടിക്കിതച്ചെത്തി രക്തം നൽകി മടങ്ങിയ അജ്ഞാത സുഹൃത്ത്, കൂട്ടുകാരന്റെ ബൈക്കിന് പുറകിൽ മഴയത്ത് വന്ന് രക്തം നൽകി ഒരു നന്ദിവാക്കിന് പോലും അവസരം തരാതെ മടങ്ങിപ്പോയ അറിയാത്ത സുഹൃത്ത്... മനുഷ്യസൗഹാർദവും മതസൗഹാർദവും ജ്വലിച്ച് നിൽക്കുന്ന മറക്കാനാവാത്ത നേർകാഴ്ചകൾ...


ആരൊക്കെ എത്ര ശ്രമിച്ചാലും ജാതി മത വ്യത്യാസങ്ങൾ മറന്ന് പരസ്പരം സഹായിക്കാനുള്ള മലയാളികളുടെ വിശാല മനസ്കത ഇല്ലാതാവില്ലെന്നും രക്തദാനത്തിന്റെ അനിവാര്യതയും മഹത്ത്വവും ചെറുതല്ലെന്നും മനസ്സിലുറച്ച നാളുകൾ...

'താങ്കൾക്കറിയാത്ത, താങ്കളെ അറിയാത്ത, ഏതോ ഒരാൾക്ക് താങ്കളുടെ രക്തം ഉപകാരപ്പെടാതിരിക്കില്ല; താങ്കൾ രക്തം ദാനം ചെയ്താൽ' എന്നാണ് ഓരോ വായനക്കാരനോടും ഈയവസരത്തിൽ പറയാനുള്ളത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

**ആദം നബി عليه السلام: 6**



# ആദ്യത്തെ കൊലപാതകം!

**ഭീ**ഷണിപ്പെടുത്തപ്പെട്ടവൻ മറ്റവനോട് നീ എന്നെ കൊന്നാൽ അതിന്റെ പാപ ഭാരവും നീ വഹിക്കേണ്ടിവരും എന്നെല്ലാം ഉപദേശിച്ചിട്ടും അവൻ അതിൽ നിന്ന് പിന്മാറാൻ തയ്യാറായില്ല.

“എന്നിട്ട് തന്റെ സഹോദരനെ കൊല്ലുവാൻ അവന്റെ മനസ്സ് അവന്ന് പ്രേരണ നൽകി. അങ്ങനെ അവനെ കൊലപ്പെടുത്തി. അതിനാൽ അവൻ നഷ്ടകാരിൽ പെട്ടവനായിത്തീർന്നു” (5:30).

ലോകത്ത് ആദ്യമായി നടന്ന കൊലപാതകം! അന്യായമായ കൊലപാതകം! അത് സംഭവിച്ചു... മൃത ശരീരം എന്തുചെയ്യണം എന്നറിയാതെ ക്വാബീൽ നോക്കി നിൽക്കുന്നു. അവിടെ മറ്റൊരു അത്ഭുതം ഉണ്ടായി. അതാണ് തുടർന്ന് അല്ലാഹു പറയുന്നത്.

അപ്പോൾ തന്റെ സഹോദരന്റെ മൃതദേഹം മറവുചെയ്യേണ്ടത് എങ്ങനെയെന്ന് അവന്ന് കാണിച്ചു കൊടുക്കുവാനായി നിലത്ത് മാന്തി കുഴിയുണ്ടാക്കുന്ന ഒരു കാക്കയെ അല്ലാഹു അയച്ചു. അവൻ പറഞ്ഞു: “എന്തൊരു കഷ്ടം! എന്റെ സഹോദരന്റെ മൃതദേഹം മറവുചെയ്യുന്ന കാര്യത്തിൽ ഈ കാക്കയെപ്പോലെ ആകാൻ പോലും എനിക്ക് കഴിയാതെ പോയല്ലോ. അങ്ങനെ അവൻ ഖേദക്കാരുടെ കൂട്ടത്തിലായിത്തീർന്നു” (5:31).

ഒരാൾ മരണപ്പെട്ടാൽ ആ മൃതശരീരം എന്ത് ചെയ്യണം എന്ന് കൂടി ഇതിലൂടെ അല്ലാഹു പിൽക്കാലക്കാരെ പഠിപ്പിക്കുകയാണ്. മൃതശരീരം മണ്ണിൽ തന്നെ മറവ് ചെയ്യലാണ് ഇസ്‌ലാമിക സംസ്‌കാരം. ഭൂമി ജീവനുള്ളവർക്ക് മാത്രമുള്ളതല്ലെന്നും മരണപ്പെട്ടവർക്കുകൂടിയാണെന്നും ക്വുർആൻ പറഞ്ഞിട്ടുണ്ട്.

"ഭൂമിയെ നാം മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും ഉൾകൊള്ളുന്നതാക്കിയിട്ടില്ലേ" (77:25,26). ജീവിച്ചിരിക്കുന്നവർക്ക് ഭൂമിയുടെ മുകൾ ഭാഗവും മരണപ്പെട്ടവർക്ക് ഭൂമിയുടെ താഴ്ഭാഗവും അല്ലാഹു നിശ്ചയിച്ചു.

മൃതശരീരം കത്തിക്കലോ മറ്റു വല്ലതിനും തിന്നാൻ കൊടുക്കലോ അല്ല ചെയ്യേണ്ടത്. അതുപോലെ മനുഷ്യന്റെ മൃതശരീരം നജസല്ല എന്നും പഠിപ്പിക്കുന്നു. മൃതശരീരം പവിത്രമാണെന്നും അത് കുളിപ്പിക്കുകയും അതിനെ പൂർണമായി മൂടുന്ന രൂപത്തിൽ പൊതിയുകയും ചെയ്യണമെന്നുമെല്ലാം ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു. ഇഹ്റാമിലായിട്ടുള്ളവരുടേത് ഇതിൽ നിന്ന് ഒഴിവാണ്. അവരെ ആ വസ്ത്രത്തിൽ തന്നെയാണ് കഫൻ ചെയ്യേണ്ടത്. ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീയാണെങ്കിൽ മുഖവും മുൻകയ്യും ഒഴികെയാണല്ലോ വസ്ത്രം ധരിക്കേണ്ടത്. അങ്ങനെ തന്നെയാണ് അവരെ കഫൻ ചെയ്യേണ്ടതും.

സ്വന്തം സഹോദരനെ വധിക്കാൻ മാത്രം അവനെ എത്തിച്ച ദുഃസ്വഭാവം എന്തായിരുന്നു? അതാണ് അസൂയ! അല്ലാഹുവിനോടുള്ള അനുസരണക്കേടിന് ആകാശവും ഭൂമിയും സാക്ഷ്യം വഹിച്ചത് അസൂയ നിമിത്തമായിരുന്നു. ആദമിന് സുജൂദ് ചെയ്യുന്നതിൽനിന്ന് ഇബ്‌ലീസിനെ തടഞ്ഞതും സ്വന്തം സഹോദരനെ കൊന്നുകളയാൻ ക്വാബീലിനെ പ്രേരിപ്പിച്ചതും അസൂയയാണ്. യൂസുഫ്ﷺന്റെ ചരിത്രത്തിലും സമാനമായ പ്രവർത്തനം കാണാം. യൂസുഫ്ﷺനെ സഹോദരങ്ങൾ പൊട്ടക്കിണറ്റിൽ തള്ളിയതും അസൂയ നിമിത്തമായിരുന്നു.

മനുഷ്യന്റെ ഹൃദയത്തിൽ ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്ത അസൂയ മാരകമായ പ്രത്യാഘാതങ്ങൾ ഉടലെടുക്കുന്നതിന് കാരണമാകുന്ന പൈശാചിക സ്വഭാവമാണ്. ഇതിൽ നിന്ന് രക്ഷ പ്രാപിക്കാൻ അല്ലാഹുവിൽ കാവൽ തേടാൻ നാം കൽപിക്കപ്പെട്ടിട്ടുണ്ട്. സൂറത്തുൽ ഫലക്വിന്റെ അവസാന വചനം അതാണ് ലക്ഷ്യം പഠിപ്പിക്കുന്നത്: "അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽ നിന്നും (ഞാൻ നിന്നോട് അഭയം ചോദിക്കുന്നു)."

അസൂയ വന്നാൽ അവിടെ ഈമാൻ നിലനിൽക്കില്ല. അസൂയയായിരുന്നല്ലോ ജൂത-ക്രൈസ്തവർക്ക് മുഹമ്മദ് നബിﷺയിൽ അവിശ്വസിക്കാൻ കാരണമായത്. തൗറാത്തിലും ഇഞ്ചീലിലും മുഹമ്മദ് നബിയെ കുറിച്ചും അവിടുത്തെ അനുയായികളുടെ പ്രത്യേകതകളെ കുറിച്ചും വിവരിച്ചിട്ടും അവർ അദ്ദേഹത്തിൽ അവിശ്വസിച്ചു, കാരണം അസൂയ തന്നെ. അതുണ്ടായാൽ ആ ഹൃദയത്തിൽ ഈമാൻ പ്രകടമാകില്ല. കാരണം ഈമാൻ അല്ലാഹുവിൽ നിന്നും ലഭിക്കുന്ന അനുഗ്രഹമാണെങ്കിൽ അസൂയ പിശാചിൽ നിന്നും വരുന്നതാണ്. അവ രണ്ടും ഒരുമിച്ച് നമ്മിൽ നിൽക്കില്ല. നബിﷺ തന്നെ ഇക്കാര്യം നമ്മെ അറിയിച്ചിട്ടുണ്ട്: "ഒരു അടിമയുടെ (ഹൃദയത്തിന്റെ) ഉള്ളിൽ ഈമാനും അസൂയയും സംഗമിക്കുകയില്ല" (ഇബ്നു ഹിബ്ബാൻ).

**മനുഷ്യന്റെ ഹൃദയത്തിൽ ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്ത അസൂയ മാരകമായ പ്രത്യാഘാതങ്ങൾ ഉടലെടുക്കുന്നതിന് കാരണമാകുന്ന പൈശാചിക സ്വഭാവമാണ്. ഇതിൽ നിന്ന് രക്ഷ പ്രാപിക്കാൻ അല്ലാഹുവിൽ കാവൽ തേടാൻ നാം കൽപിക്കപ്പെട്ടിട്ടുണ്ട്. സൂറത്തുൽ ഫലക്വിന്റെ അവസാന വചനം അതാണ് ലക്ഷ്യം പഠിപ്പിക്കുന്നത്.**

ഒരാളിൽ വല്ല അനുഗ്രഹവും കാണുമ്പോൾ അത് നീങ്ങിക്കാണുവാൻ ആഗ്രഹിക്കുന്നതാണല്ലോ അസൂയ. ഇത് വിശ്വാസികൾക്ക് ഉണ്ടാകാൻ പാടില്ല. നമ്മുടെ ഈമാനിന്റെ പൂർത്തീകരണം നടക്കുന്നത് തന്നെ താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുമ്പോഴാണ്. നബിﷺ പറഞ്ഞു: "താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിൽ ഒരാളും (യഥാർഥ) വിശ്വാസിയാവുകയില്ല" (ബുഖാരി).

അല്ലാഹു നമുക്കെല്ലാം വ്യത്യസ്തമായ അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. അതിനെല്ലാം അസൂയവെക്കുന്നവരും ഉണ്ടാകും. അതിനാൽ അവരുടെ അസൂയയുടെ കെടുതിയിൽ നിന്ന് എപ്പോഴും അല്ലാഹുവിൽ കാവൽ തേടേണ്ടതുണ്ട്.

അസൂയവെക്കുന്നതിനെ നബിﷺ വിരോധിച്ചിട്ടുണ്ട്. അനസ്ﷺവിൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "നിങ്ങൾ അന്യോന്യം കോപിക്കരുത്, അസുയപ്പെടരുത്, പരസ്പരം അവഗണിക്കരുത്. അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ സഹോദരന്മാരായി വർത്തിക്കുവിൻ. ഒരു മുസ്‌ലിമിന് തന്റെ സഹോദരനെ മൂന്നു ദിവസത്തിൽ കൂടുതൽ വെടിഞ്ഞിരിക്കുക (പിണങ്ങിയിരിക്കുക) പാടുള്ളതല്ല" (ബുഖാരി).

ആർക്കെങ്കിലും അല്ലാഹു വല്ല അനുഗ്രഹവും നൽകിയാൽ അതിൽ അസൂയപ്പെടുകയല്ല വേണ്ടത്. ഇസ്മാഈൽ നബിﷺയുടെ പരമ്പരയിൽ പെ



ട്ട മുഹമ്മദിന്ﷺ അല്ലാഹു പ്രവാചകത്വം നൽകി എന്നതായിരുന്നല്ലോ പ്രവാചകനിൽ വിശ്വസിക്കാതിരിക്കാൻ ജൂത-ക്രൈസതവർക്ക് കാരണമായത്. ഈ അസൂയയെ അല്ലാഹു ചോദ്യം ചെയ്യുന്നത് ഇപ്രകാരമാണ്.

"അതല്ല, അല്ലാഹു അവന്റെ ഔദാര്യത്തിൽ നിന്ന് മറ്റു മനുഷ്യർക്ക് നൽകിയിട്ടുള്ളതിന്റെ പേരിൽ അസൂയപ്പെടുകയാണോ"(4:54).

അല്ലാഹു മറ്റുള്ളവർക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ അസൂയ കാണിച്ച് മനസ്സ് അസ്വസ്ഥമാകുന്നവരുടെയും അതിന്റെ പേരിൽ അക്രമം അഴിച്ചുവിടുന്നവരുടെയും എണ്ണം നാൾക്കുനാൾ പെരുകി വരുന്നു. കൊച്ചു കുരുന്നുകളിൽ തുടങ്ങി നരബാധിച്ചവർ വരെ ഇതിന്ന് കീഴ്പെട്ടിരിക്കുകയാണ്. സന്തോഷമുള്ള ദാമ്പത്യജീവിതത്തിൽ വിള്ളലുണ്ടാക്കുന്നവർ, അയൽവാസിയുടെ സൗകര്യം കണ്ട് കണ്ണിന് തിമിരം ബാധിച്ചവർ, വോട്ടുകളുടെ എണ്ണം കുറക്കാനായി എതിരാളികൾ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങ് വെക്കുന്നവർ, എന്തിനേറെ മതവിജ്ഞാനം കരസ്ഥമാക്കിയവരായ പണ്ഡിതന്മാരിൽ പോലും വിവരത്തിന്റെയും ആത്മാർഥതയുടെയും പേരിൽ അസൂയ കാണിക്കുന്നവരും ജനങ്ങൾക്കിടയിൽ കുഴപ്പം ഉണ്ടാക്കുന്നവരുമുണ്ട്. സൂക്ഷിക്കുക! ഇത് നമ്മുടെ ധാർമിക ജീവിതത്തിൽ വിള്ളലുണ്ടാക്കുന്ന പൈശാചിക സ്വഭാവമാണ്. നബിﷺ പറഞ്ഞു:

"നിങ്ങളുടെ മുൻഗാമികളുടെ രോഗം നിങ്ങളിലേക്കും അരിച്ച് കയറും; അസൂയയും വിദ്വേഷവും (ആകുന്നു അവ). അവ മുണ്ഡനം ചെയ്യുന്നവയാണ്. അവ തലമുടിയെയാണ് മുണ്ഡനം ചെയ്യുന്നതെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അവ മതത്തെയാണ് നീക്കം ചെയ്യുക" (തിർമിദി).

അസൂയ വെക്കാൻ കാരണം അല്ലാഹുവിന്റെ തീരുമാനത്തിൽ അതൃപ്തിയുള്ളതാണല്ലോ. അല്ലെങ്കിൽ എന്തിന് ഒരാൾക്ക് നൽകപ്പെട്ട അനുഗ്രഹത്തിൽ മറ്റുള്ളവർ അതൃപ്തി കാണിക്കണം? ഒരു കവിയുടെ വാചകം കാണുക:

"അറിയുക, നിന്നോട് അസൂയ കാണിക്കുന്നവനോട് നീ പറയണം: ആരോടാണ് നീ മോശമായ മര്യാദ കാണിക്കുന്നതെന്ന് നിനക്ക് അറിയുമോ? അല്ലാഹുവിന്റെ വിധിയെ നീ മോശമായി കാണുന്നുവല്ലേ? അവൻ എനിക്ക് നൽകിയതിൽ തീർച്ചയായും നീ തൃപ്തി കാണിക്കുന്നുമില്ലല്ലോ. അല്ലാഹു എനിക്ക് (അവന്റെ അനുഗ്രഹങ്ങൾ) വർധിപ്പിച്ച് തന്നതിലൂടെ എന്റെ റബ്ബ് നിന്നെ വല്ലാതെ നിന്ദ്യനാക്കിയിരിക്കുന്നു. നീ(അനുഗ്രഹങ്ങൾ) തേടുന്ന മാർഗങ്ങളെല്ലാം നിന്റെ മേൽ അടക്കപ്പെടുകയും ചെയ്തിരിക്കുന്നു."

അസൂയയുടെ പരിണിതഫലം എന്തെന്ന് വിവരിക്കുകയാണ് കവി ഈ വരികളിലൂടെ ചെയ്യുന്നത്.

ആദം عليه السلامയെയും ഹവ്വാﷺയെയും ബന്ധപ്പെട്ട് ഒരു തെറ്റായ കാര്യം പ്രചരിപ്പിക്കപ്പെടുന്നുണ്ട്. അതിന് താഴെയുള്ള വചനമാണ് ഉപയോഗപ്പെടുത്തുന്നത്.

"ഒരൊറ്റ ദേഹത്തിൽ നിന്ന് തന്നെ നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയവനാണവൻ. അതിൽ നിന്ന് തന്നെ അതിന്റെ ഇണയെയും അവനുണ്ടാക്കി. അവളോടൊത്ത് അവൻ സമാധാനമടയുവാൻ വേണ്ടി. അങ്ങനെ അവൻ അവളെ പ്രാപിച്ചപ്പോൾ അവൾ ലഘുവായ ഒരു (ഗർഭ)ഭാരം വഹിച്ചു. എന്നിട്ട് അവളതുമായി നടന്നു. തുടർന്ന് അവൾക്ക് ഭാരം കൂടിയപ്പോൾ അവരിരുവരും അവരുടെ രക്ഷിതാവായ അല്ലാഹുവോട് പ്രാർഥിച്ചു: ഞങ്ങൾക്ക് നീ ഒരു നല്ല സന്താനത്തെ തരികയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും. അങ്ങനെ അവൻ(അല്ലാഹു) അവർക്കൊരു നല്ല സന്താനത്തെ നൽകിയപ്പോൾ അവർക്കവൻ നൽകിയതിൽ അവർ അവന്ന് പങ്കുകാരെ ഏർപ്പെടുത്തി. എന്നാൽ അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു ഉന്നതനായിരിക്കുന്നു" (7:189,190).

അല്ലാഹുവാണ് നമുക്ക് സന്താനങ്ങളെ പ്രദാനം ചെയ്യുന്നവൻ. പലരും സന്താനങ്ങൾക്കായി പ്രാർഥിക്കുകയും പ്രാർഥനക്ക് ഉത്തരം നൽകപ്പെട്ടാൽ കുട്ടിയെ ബഹുദൈവാരാധനയുടെ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോയി ശിർക്കായ പലതും കുട്ടിക്ക് വേണ്ടി ചെയ്യുന്നു. സന്താനത്തെ നൽകിയ അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടതിന് പകരം അല്ലാഹുവേതര സൃഷ്ടികളിലേക്ക് അവ സമർപ്പിക്കുന്നു. ഇതാണ് ഈ സൂക്തത്തിൽ പറഞ്ഞതിന്റെ ആശയം. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

**നല്ല മനസ്സും നല്ല മനുഷ്യനും: 8**



# രിയാഅ് അഥവാ ലോകമാന്യം

വലിയ ശിർക്കിന്റെ പരിധിയിലേക്ക് എത്താത്ത തരത്തിലുള്ള ശിർക്കിനാണ് ചെറിയ ശിർക്ക് എന്നു പറയുന്നത്. ഇത് മഹാപാപങ്ങളിൽ പെട്ടതാണ്. മാത്രവുമല്ല ഇത് കൂടി വന്നാൽ വലിയ ശിർക്കിലേക്ക് മനുഷ്യനെ എത്തിക്കുകയും ചെയ്യും. കർമങ്ങളോടൊപ്പം ചെറിയ ശിർക്ക് ചേർന്ന് വന്നാൽ അവ നിഷ്ഫലമായിപ്പോകും. 'രിയാഅ്' അതിനുദാഹരണമാണ്. ദുൻയാവിന് വേണ്ടി സൽകർമങ്ങൾ ചെയ്യുന്നവന്റെ അവസ്ഥയും അതുതന്നെയാണ്.

അല്ലാഹു പറഞ്ഞതായി നബിﷺ പറയുന്നു: "പങ്കാളികളിൽ നിന്നും ഞാൻ ധന്യനാണ്. എന്നിൽ പങ്കുചേർത്തുകൊണ്ട് വല്ലവനും വല്ല പ്രവർത്തവനും ചെയ്താൽ അവനെയും അവന്റെ ശിർക്കിനെയും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു" (മുസ്‌ലിം).

ചെറിയ ശിർക്ക് പലതരമുണ്ട്. ഹൃദയം കൊണ്ടുള്ള ഇബാദത്തുകളിൽ വരുന്ന ചെറിയ ശിർക്കുണ്ട്. അതിൽ പെട്ടതാണ് രിയാഅ്. മറ്റുള്ളവർക്ക് മുമ്പിൽ സൽകർമങ്ങൾ പ്രകടിപ്പിക്കുകയോ നന്നാക്കിക്കാണിക്കുകയോ ചെയ്യുന്നതിനാണ് രിയാഅ് എന്ന് പറയുന്നത്. മറ്റുള്ളവരുടെ പുകഴ്‌വാക്കിന്നർഹനാകാനും ഭൗതികതാൽപര്യങ്ങൾക്കും വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. ഒരു പ്രവർത്തനത്തിൽ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുകയും കൂടെ രിയാഅ് ഉണ്ടാകുകയും ചെയ്താൽ ആരാധനയിൽ പങ്കാളികളെ ഉണ്ടാക്കലാണത്. ഇനി ഒരു സൽകർമം കൊണ്ടുദ്ദേശം ജനങ്ങളുടെ പുകഴ്ത്തൽ ലഭിക്കൽ മാത്രമാണെങ്കിൽ അവൻ വലിയ അപകടത്തിലാണ്. രിയാഇന് വ്യത്യസ്ത രൂപങ്ങളുണ്ട്.

(1). റുകുഉം സുജൂദും സുദീർഘമായി മറ്റുള്ള വരെ കാണിക്കാൻ വേണ്ടി ചെയ്യുക. (കർമത്തിലെ രിയാഅ്).

(2). പണ്ഡിതനെന്ന് ജങ്ങളെ തോന്നിപ്പിക്കാൻ ആ നിലക്കുള്ളകാര്യങ്ങൾ പറയുക.(വാക്കിലെ രിയാഅ്).

(3). നമസ്കാരക്കാരനാണെന്ന് അറിയിക്കാനായി നെറ്റിയിൽ തഴമ്പ് പാട്പെട്ട് ഉണ്ടാക്കുക (രൂപഭാവങ്ങളിലെ രിയാഅ്).

രിയാഅ് പാടില്ലെന്ന് പഠിപ്പിക്കുന്ന ഒട്ടനവധി ഹദീഥുകൾ കാണാം. രിയാഉള്ള കർമങ്ങൾ നിഷ്ഫലമാണെന്നും അത്തരം ഹദീഥുകൾ പഠിപ്പിക്കുന്നു.

നബിﷺ പറഞ്ഞു: "നിങ്ങളുടെ കാര്യത്തിൽ ചെറിയശിർക്കിനെയാണ് ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത്." സ്വഹാബത്ത് ചോദിച്ചു: "എന്താണ് റസൂലേ ചെറിയ ശിർക്ക്?'' നബിﷺ പറഞ്ഞു: 'രിയാഅ്' അന്ത്യദിനത്തിൽ കർമങ്ങളുടെ ഫലം ജനങ്ങൾക്കു നൽകുമ്പോൾ അല്ലാഹു പറയും: 'ദുൻയാവിൽ ആരെകാണിക്കാനായിരുന്നോ നിങ്ങൾ ചെയ്തിരുന്നത് അവരുടെ അടുക്കൽ പ്രതിഫലമുണ്ടോ എന്ന് പോയി അന്വേഷിച്ചു കൊള്ളുക" (അഹ്മദ്).

മറ്റൊരിക്കൽ നബിﷺ പറഞ്ഞു: "ഗോപ്യമായ ശിർക്കിനെ നിങ്ങൾ ഭയപ്പെടുക." സ്വഹാബത്ത് ചോദിച്ചു: "എന്താണ റസൂലേ ഗോപ്യമായ ശിർക്ക്?" നബിﷺ പറഞ്ഞു: "ഒരു വ്യക്തി തന്റെ നമസ്കാരത്തെ തന്നെ നോക്കിക്കാണുന്നവർക്കായി ഭംഗിയാക്കി നിർവഹിക്കുന്നു. അതാണ് ഗോപ്യമായ ശിർക്ക്" (ഇബ്നുഖുസൈമ).

അന്ത്യദിവസത്തിൽ ആദ്യമായി നരകത്തിലേക്കെറിയുന്നത് ദുൻയാവിന് വേണ്ടി പ്രവർത്തിച്ച മൂന്ന് ആളുകളെയാണെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

(1) ധീരനാണെന്ന് അറിയപ്പെടാൻ വേണ്ടി യുദ്ധംചെയ്ത് മരിച്ചവൻ.

(2) പണ്ഡിതനെന്നും ഓത്തുകാരനെന്നും അറിയപ്പെടാൻ വേണ്ടി അറിവ് നേടിയവനും ക്വുർആൻ ഓതിയവനും.

(3) ധർമിഷ്ഠനെന്ന് പറയപ്പെടാൻ വേണ്ടി ധർമം നൽകിയവൻ.

അതുകൊണ്ട് തന്നെ ഒരു സത്യവിശ്വാസി വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒരു വിഷയമാണിത്. ഈ ശിർക്കിൽ നിന്നും രക്ഷപ്പെടാൻ സഹായിക്കുന്ന ചിലകാര്യങ്ങളുണ്ട്.

(1) ഹൃദയത്തിൽ ഈമാൻ ദൃഢപ്പെടുത്തുക: റബ്ബിലുള്ള പ്രതീക്ഷ ശക്തമാക്കുകയും മറ്റുള്ളവരെ അവഗണിക്കുകയും ചെയ്യുക. പിശാചിന്റെ എല്ലാതരം വസ്വാസുകളിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗം ഈമാൻ ശക്തിപ്പെടുത്തൽ തന്നെയാണ്.

**ചെറിയ ശിർക്ക് പലതരമുണ്ട്. ഹൃദയം കൊണ്ടുള്ള ഇബാദത്തുകളിൽ വരുന്ന ചെറിയ ശിർക്കുണ്ട്. അതിൽ പെട്ടതാണ് രിയാഅ്. മറ്റുള്ളവർക്ക് മുമ്പിൽ സൽകർമങ്ങൾ പ്രകടിപ്പിക്കുകയോ നന്നാക്കിക്കാണിക്കുകയോ ചെയ്യുന്നതിനാണ് രിയാഅ് എന്ന് പറയുന്നത്. മറ്റുള്ളവരുടെ പുകഴ്‌വാക്കിന്നർഹനാകാനും ഭൗതികതാൽപര്യങ്ങൾക്കും വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.**

(2) മതവിജ്ഞാനം നേടുക: പ്രത്യേകിച്ചും അക്വീദയുമായി ബന്ധപ്പെട്ട അറിവ്. കാരണം അക്വീദ (വിശ്വാസം) എന്നത് ഒരു രക്ഷാകവചമാണ്. റബ്ബിന്റെ മഹത്ത്വവും സൃഷ്ടികളുടെ ദൗർബല്യതയും അറിയുന്ന ഒരാൾക്കേ സ്രഷ്ടാവിനു വേണ്ടി കർമങ്ങൾ ചെയ്യാൻ കഴിയൂ. തീർച്ചയായും ഈ അറിവ് സൃഷ്ടികളിലേക്കുള്ള ചിന്തയിൽ നിന്നും മനുഷ്യനെ രക്ഷപ്പെടുത്തും. അക്വീദ പഠിക്കുന്നതോടൊപ്പം പിശാചിന്റെ പ്രവേശന കവാടങ്ങളെക്കുറിച്ചും ഒരു വിശ്വാസി അറിഞ്ഞിരിക്കേണ്ടതുണ്ട്. അപ്പോൾ രിയാഅ് പിശാചിന്റെ ഭാഗത്തുനിന്നാണെന്ന് മനസ്സിലാക്കാനും അതിൽ നിന്ന് രക്ഷപ്പെടാനും സാധിക്കും.

(3) പ്രാർഥനൾ വർധിപ്പിക്കുക: നാം എപ്പോഴും മനസ്സുകൊണ്ട് അല്ലാഹുവിലേക്ക് മടങ്ങുന്നവരും പ്രാർഥനയിലൂടെ അവന്റെ മുന്നിൽ വിനയാന്വിതരും ആയിരിക്കണം. പിശാചിന്റെ ഉപദ്രവത്തിൽ നിന്നും ദുർമന്ത്രങ്ങളിൽ നിന്നും രിയാഇൽ നിന്നും മുക്തിനേടാനും നിരന്തരം റബ്ബിനോട് തേടണം. പ്രമാണങ്ങളിൽ പഠിപ്പിക്കപ്പെട്ട ദിക്റുകൾ പതിവാക്കുകയും വേണം.

(4) രിയാഇന്റെ ആളുകൾക്ക് പരലോകത്ത് ലഭിക്കാനിരിക്കുന്ന ശിക്ഷയെക്കുറിച്ച് ഓർക്കുക: അതിൽ ഏറ്റവും ഗൗരവമേറിയതാണ് ആദ്യമായി നരകത്തിൽ പോകുന്നത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടി പ്രവർത്തിച്ചവരാണ് എന്ന് പഠിപ്പിക്കപ്പെടുന്ന ഹദീഥ്.

(5) രിയാഅ് സംഭവിക്കാതിരിക്കാൻ ആവശ്യമായ കാരണങ്ങൾ സ്വീകരിക്കുക: അതായത് മറച്ചുവെച്ച് ചെയ്യാൻ കഴിയുന്ന ഇബാദത്തുകൾ അങ്ങനെ ചെയ്യുക. തന്റെ പ്രവർത്തനങ്ങളെ വിളംബരപ്പെടുത്താതിരിക്കുക. പുകഴ്ത്തിപ്പറയുന്ന ആളുകളുടെയും വലുപ്പത്തരം പറയുന്ന ആളുകളുടെയും സദസ്സിൽ ഇരിക്കാതിരിക്കുക. അവിടെ ഇരുന്നാൽ നമുക്കും അങ്ങനെ പറയാൻ തോന്നും.

ചുരുക്കത്തിൽ, രിയാഅ് ഗൗരവമേറിയ വിഷയമാണ്. കൂട്ടത്തിൽ മനസ്സിലാക്കേണ്ട മറ്റൊരുകാര്യം കൂടിയുണ്ട്. മറ്റുള്ളവരെക്കുറിച്ച് അവർ രിയാഉള്ളവരാണ് എന്ന് നാം ആക്ഷേപിക്കരുത്. കാരണം രിയാഅ് ഹൃദയത്തിന്റെ പ്രവർത്തനമാണ്. അല്ലാഹുവിനല്ലാതെ ഒരാൾക്കും ഹൃദയത്തിലുള്ള കാര്യങ്ങൾ അറിയുകയില്ല. മുസ്‌ലിംകളെ രിയാഇന്റെ ആളെന്ന് പറഞ്ഞ് ആക്ഷേപിക്കൽ മുനാഫിഖിന്റെ സ്വഭാവമാണ്. അതുപോലെത്തന്നെ രിയാഇന്റെ ഉദ്ദേശമില്ലാതെ മറ്റുള്ളവർക്ക് മാതൃക, പ്രോത്സാഹനം എന്നൊക്കെയുള്ള ഉദ്ദേശത്തോടെ തന്റെ പ്രവർത്തനങ്ങളെ പ്രകടമാക്കാവുന്നതാണ്. അപ്പോൾ, കർമങ്ങളെ പ്രകടമാക്കുന്നവരൊക്കെ രിയാഇന്റെ ആളുകളെന്ന് പറയരുത്.

ഹൃദയം കൊണ്ടുള്ള ആരാധനയിൽ വരുന്ന ചെറിയ ശിർക്കിൽ പെട്ടതാണ് തന്റെ കർമങ്ങൾ കൊണ്ട് ദുൻയാവ് ലക്ഷ്യംവെക്കുക എന്നത്. ഇതു പാടില്ലാത്ത കാര്യമാണ്. ഇതു തന്നെ പലതരത്തിലുണ്ട്. ഇഹലോകത്തെ ഗുണം മാത്രം ലക്ഷ്യം വെച്ച് പരലോകത്തേക്കുള്ള പ്രവർത്തനം ചെയ്യുക. ഗനീമത്തിന് (യുദ്ധാർജിത സ്വത്ത്) വേണ്ടി യുദ്ധം ചെയ്യുക. സർടിഫിക്കറ്റിനും ജോലിക്കും വേണ്ടി മാത്രം മതം പഠിക്കുക. ഇവിടെയൊന്നും അല്ലാഹുവിന്റെ പ്രതിഫലമോ മറ്റോ ഉദ്ദേശിക്കുന്നേ ഇല്ല. ഇത് തികച്ചും ഹറാമാണ്. മഹാപാപമാണ്. ഈ കർമങ്ങൾ നിഷ്ഫലവുമാണ്. അല്ലാഹു പറയുന്നു:

"ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റിക്കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ" (ഹൂദ്:15,16).

"നിശ്ചയമായും കർമങ്ങൾ നിയ്യത്തനുസരിച്ചാകുന്നു. ഓരോരുത്തനും എന്ത് ഉദ്ദേശിച്ചുവോ അതേ അവനുള്ളു..."(ബുഖാരി, മുസ്‌ലിം).

"അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നേടേണ്ടുന്ന അറിവ് വല്ലവനും ദുൻയാവിന്റെ ലക്ഷ്യത്തിനുവേണ്ടി നേടിയാൽ സ്വർഗത്തിന്റെ സുഗന്ധം പോലും അവൻ അനുഭവിക്കുകയില്ല" (അബൂദാവൂദ്, ഇബ്നുഹിബ്ബാൻ).

(2) ഒരു ആരാധനകൊണ്ട് അല്ലാഹുവിന്റെ പ്രതിഫലവും കൂടെ ദുൻയാവും ആഗ്രഹിക്കുക. അല്ലാഹുവിന്റെ പ്രതിഫലവും കൂടെ കച്ചവടവും ഉദ്ദേശിച്ച് ഹജ്ജിന് പോവുക. സ്വർഗവും കൂടെ ദുൻയാവും ആഗ്രഹിച്ച് യുദ്ധത്തിന് പോവുക. പ്രതിഫലത്തിനും ചികിത്സാവശ്യാർഥവും നോമ്പെടുക്കുക. നമസ്കാരത്തിനും തണുപ്പ് ഉദ്ദേശിച്ചും വുദൂഅ് എടുക്കുക. അല്ലാഹുവിന്റെ പ്രതിഫലത്തിനും ജോലി ലഭിക്കുവാനുമായി മതം പഠിക്കുക. ഇതെല്ലാം അനുവദനീയമാണ്. ദുൻയാവ് മാത്രം ഉദ്ദേശിക്കുന്നതിനെത്തൊട്ടാണ് നിരോധനം വന്നിട്ടുള്ളത്. മാത്രവുമല്ല ഒരുപാട് ആരാധനകൾക്ക് ഭൗതികമായ ഗുണങ്ങളും അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ഹജ്ജിനെക്കുറിച്ച് പറഞ്ഞേടത്ത് അല്ലാഹു പറഞ്ഞു:

"(ഹജ്ജിനിടയിൽ) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഭൗതികാനുഗ്രഹങ്ങൾ നിങ്ങൾ തേടുന്നതിൽ കുറ്റമൊന്നുമില്ല..."(അൽബക്വറ: 198).

തക്വ്‌വയെ(സൂക്ഷ്മത)ക്കുറിച്ച് പറഞ്ഞപ്പോൾ അല്ലാഹു പറഞ്ഞു:

"...അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും, അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട"(ത്വലാക്വ്: 2,3).

പാപമോചനം തേടുന്നതിനെക്കുറിച്ച് പറഞ്ഞേടത്ത് അല്ലാഹു പറയുന്നു:

"അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും" (നൂഹ്:10,12).

ഹജ്ജും ഉംറയും നിങ്ങൾ ആവർത്തിച്ച് ചെയ്യുക എന്ന് പറഞ്ഞ ഹദീഥിൽ അത് പാപങ്ങളെ മായ്ച്ച് കളയും എന്ന് പറഞ്ഞതോടൊപ്പം ദാരിദ്ര്യത്തെ ഇല്ലാതാക്കും എന്നും കാണാം. (അഹ്മദ്:3669, തുർമുദി:810).

ഇവിടെ കർമം നിഷ്ഫലമാകുന്നില്ല. പക്ഷേ, ദുൻയാവിലേക്കുള്ള ആവശ്യത്തോട് എത്രത്തോളം കടുപ്പം കൂടുതലാണോ അതനുസരിച്ച് കർമത്തിന്റെ പ്രതിഫലത്തിൽ കുറവ് സംഭവിക്കും.(മുസ്‌ലിം:1906).

എന്നാൽ ദുൻയാവ് ആഗ്രഹിക്കാതെ തന്നെ ഒരു ആരാധനയിലൂടെ ദുൻയാവ് ലഭിച്ചാൽ അത് പരലോകത്തെ പ്രതിഫലത്തിൽ ഒരുകുറവും വരുത്തുകയില്ല.



ഇസ്‌ലാമിക് പാരന്റിംഗ്: 26

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com

# ശീലമാവേണ്ട മര്യാദകൾ

കുട്ടികളുടെ സ്വഭാവ വളർച്ചയിൽ മുഖ്യമായ തലം അവർക്ക് വീട്ടിലും നാട്ടിലും അനുവർത്തിക്കൽ അനിവാര്യമായ മര്യാദകളെ ബോധ്യപ്പെടുത്തി ശീലിപ്പിക്കുക എന്നതാണല്ലോ. അതിൽ മാതാപിതാക്കളും ഗുരുനാഥന്മാരുമായി ബന്ധപ്പെട്ട ചില വസ്തുതകളാണ് കഴിഞ്ഞ ലക്കത്തിൽ നാം വായിച്ചത്. അനിവാര്യമായ മറ്റ് ചില മര്യാദകളെ കൂടി നമുക്ക് പഠിക്കാം,

രണ്ട്) മുതിർന്നവരോടുള്ള ബഹുമാനവും ആദരവും: തന്നെക്കാൾ മുതിർന്നവരോടുള്ള ബഹുമാനവും ആദരവും പ്രകടിപ്പിക്കുകയെന്നത് ഉയർന്ന വ്യക്തിത്വത്തിന്റെ പ്രകടമായ അടയാളമായി കുട്ടികൾക്കു നാം മനസ്സിലാക്കി കൊടുക്കണം. പ്രായം തന്നെ പ്രധാനം. മറ്റെന്തിനെക്കാളും ഉപരി മനുഷ്യന്റെ പ്രായം അവർ ബഹുമാനിക്കപ്പെടാൻ മതിയായ കാരണമായി നമ്മുടെ മക്കൾ കൊച്ചു പ്രായത്തിലെ മനസ്സിലാക്കേണ്ടതുണ്ട്. അതിന്നു വിരുദ്ധമായ പെരുമാറ്റമോ പ്രയോഗങ്ങളോ അവരിൽ നിന്ന് നമ്മുടെ സാന്നിധ്യത്തിലുണ്ടായാൽ തത്സമയ തിരുത്തൽ നടക്കേണ്ടതുണ്ട്.

ആദരവിനും ബഹുമാനത്തിനും ജാതിയും കുടുംബ മഹിമയും മാനദണ്ഡമാക്കുന്ന ചുറ്റുപാടിൽ നിന്ന് വ്യത്യസ്തമാവണം നമ്മുടെ മക്കൾ നമ്മളിൽ നിന്ന് കാണുന്നതും കേൾക്കുന്നതും. ജാതി നോക്കി മുതിർന്ന പൗരന്മാരെ പോലും പേര് വിളിക്കുന്ന ശീലം, ബഹുമാനത്തിന്റെ പദചേരുവകളില്ലാതെയും അതോടൊപ്പം അനാദരവിന്റെ പദാവലികൾ ചേർത്തും വിളിക്കുന്ന സ്വഭാവം ഇപ്പോഴും അവശേഷിക്കുന്നുണ്ട് നമ്മുടെ നാട്ടിൽ. തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും കഥകൾ ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നത് നാം കാണുന്നുണ്ട്.

നാം അങ്ങനെയുള്ളവരാകരുത്. മക്കളെ അതിന് അനുവദിക്കരുത്. നമ്മുടെ വീട്ടിലും നാട്ടിലും ചെറിയ ജോലികളിൽ ഏർപ്പെടുന്നവരും (വീട്ടുജോലിക്കു വരുന്നവർ, തേങ്ങയിടുന്നവർ, പാടത്തു പണിയെടുക്കുന്നവർ....) ആരായിരുന്നാലും നാം അവരെ അവരുടെ പ്രായം പരിഗണിച്ചുകൊണ്ടേ അഭിസംബോധന ചെയ്യാവൂ. ഇവിടെ പോലും നാം സൂക്ഷ്മത പാലിച്ചാൽ സ്വന്തം വീട്ടിലും കുടുംബത്തിലും നാട്ടിലും ഉള്ള തന്നെക്കാൾ പ്രായം കൂടിയവരെ ബഹുമാനിക്കാതിരിക്കാൻ വളർന്നു വരു

ന്ന മക്കൾക്ക് കഴിയില്ല.

ഇബ്നു ഉമറിൽ നിന്ന് ഇമാം അഹ്മദ്(റഹി), ഇമാം തിർമിദി(റഹി) തുടങ്ങിയവർ ഉദ്ധരിക്കുന്ന ഹദീഥിൽ നബി ഇപ്രകാരം പറഞ്ഞതായി കാണാം: "ചെറിയവരോട് കരുണ കാണിക്കാത്തവരും നമ്മുടെ മുതിർന്നവരുടെ മാന്യത അറിയാത്തവരും നമ്മിൽ പെട്ടവരല്ല."

അനസ് ബിൻ മാലിക് പറയുകയാണ്: "ഒരിക്കൽ നബിയുടെ അടുത്തേക്ക് ഒരു വൃദ്ധനായ മനുഷ്യൻ കടന്നുവരാൻ ശ്രമിച്ചു. ആളുകൾ അദ്ദേഹത്തിന് വേണ്ടവിധം വഴി ഒരുക്കുന്നതിൽ അമാന്തം കാണിച്ചു. അപ്പോൾ നബി(സ്വ) പറഞ്ഞു: 'നമ്മുടെ ചെറിയവരോട് കരുണ കാണിക്കാത്തവനും വലിയവരോട് ഗാംഭീര്യം തോന്നാത്തവനും നമ്മിൽ പെട്ടവനല്ല"(തിർമിദി).

നമ്മുടെ നാട്ടിലെ മുസ്ലിംകൾക്കിടയിൽ ചില പ്രത്യേക കുടുംബങ്ങളിൽ പെട്ടവരെ, അവർ കുട്ടികളാണെങ്കിൽ പോലും ബഹുമാന സൂചകങ്ങൾ ഉപയോഗിച്ച് മാത്രം വിളിക്കുന്ന പതിവുണ്ട്. ഉമ്മമാർ പോലും അവരുടെ കൊച്ചു മക്കളെ 'നിങ്ങൾ' എന്ന് ബഹുമാനത്തോടെയേ വിളിക്കാറുള്ളൂ. ഇങ്ങനെയൊരു അനാവശ്യമായി ആദരിക്കുന്ന കുടുംബ മഹിമ ഇസ്ലാമിലില്ല.

നരബാധിച്ച ആളുകളോട് കാണിക്കുന്ന ആദരവ് അല്ലാഹുവിനോടുള്ള ആദരവിന്റെ ഭാഗമാണെന്നു (അബൂദാവൂദ്) പഠിപ്പിച്ച മതമാണ് ഇസ്ലാം. കേവല അഭിസംബോധനയിൽ മാത്രമല്ല നടത്തത്തിലും ഇരുത്തത്തിലും സംസാരിക്കാനുള്ള അവസരങ്ങളിൽ പോലും തന്നെക്കാൾ പ്രായമുള്ളവർക്ക് മുൻഗണന നൽകണമെന്നതാണ് ഇസ്ലാമിക പാഠം. ഒന്നിലധികം ആളുകൾ ഒന്നിച്ചു നബിയുടെ അടുക്കൽ വന്നു ഒരു കാര്യം സമർപ്പിക്കുമ്പോൾ 'കൂട്ടത്തിൽ പ്രായത്തിൽ മുതിർന്നവർ സംസാരിക്കട്ടെ' എന്ന് നബി ആവശ്യപ്പെടുമായിരുന്നു (ബുഖാരി, മുസ്ലിം).

ആയതിനാൽ മുതിർന്നവരോടുള്ള ആദരവും ബഹുമാനവും നാം ശീലമാക്കുകയും ആ രീതി നമ്മുടെ മക്കൾ കണ്ടു പകർത്തുകയും ചെയ്യുന്ന ജീവിത ശൈലിയാണ് നാം സ്വീകരിക്കേണ്ടത്.

ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ് സ്വന്തം ജ്യേഷ്ഠ സഹോദരീ സഹോദരന്മാർക്ക് നൽകേണ്ട ബഹുമാനവും ആദരവും. പലപ്പോഴും കുട്ടികളുടെ പരിപാലനത്തിൽ രക്ഷിതാക്കളുടെ കർത്തവ്യം നിർവഹിക്കാൻ ബാധ്യതപ്പെട്ടവർ കൂടിയാവും ജ്യേഷ്ഠ സഹോദരങ്ങൾ. അവർക്കിടയിലെ ബഹുമാനവും ആദരവും നിലനിൽക്കേണ്ടത് കുടുംബ പരിപാലനത്തിന്റെ അനിവാര്യതകളിൽ ഒന്നാണ്. ചെറുതോ വലുതോ എന്ന വ്യത്യാസമില്ലാതെ സഹോദരങ്ങൾക്കിടയിൽ സഹോദര്യവും സ്നേഹവും നിർഭയത്വവും നിലനിൽക്കണം എന്നതാണ് ഇസ്ലാമിന്റെ അധ്യാപനം. അതിന്നു വിഘാതമുണ്ടാക്കുന്ന ഒന്നും ഉണ്ടായിക്കൂടാത്തതാണ്. ഇമാം മുസ്ലിം അബൂഹുയ്റയിൽ നിന്ന് നിവേദനം ചെയ്യുന്നു: നബി പറഞ്ഞു: "ആരെങ്കിലും ഒരാൾ തന്റെ സഹോദരനു നേരെ വല്ല ആയുധവും ചൂണ്ടിയാൽ അത് ഒഴിവാക്കുന്നത് വരെ മലക്കുകൾ അവനെ ശപിച്ചുകൊണ്ടിരിക്കും. അത് സ്വന്തം മാതാവിന്റെയും പിതാവിന്റെയും വഴിയുള്ള സഹോദരനാണെങ്കിലും ശരി."

മൂന്ന്). അയൽവാസികളോടുള്ള മര്യാദകൾ:

അയൽവാസികൾക്ക് ഇസ്ലാമിക ശരീഅത്തിൽ വലിയ അവകാശങ്ങൾ നിർണയിക്കപ്പെട്ടിട്ടുണ്ട്. അതാവട്ടെ സാമൂഹ്യ ബന്ധങ്ങളുടെ കെട്ടുറപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണ്. അതിനാൽ നമ്മുടെ മക്കളും അയൽപക്ക മര്യാദകൾ അറിഞ്ഞ് ആചരിക്കാൻ ശീലിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് തന്റെ അയൽപക്കത്തുള്ള കുട്ടികളോടുള്ള പെരുമാറ്റ മര്യാദകൾ. അയൽവാസികൾക്ക് പ്രയാസകരമായതൊന്നും നമ്മിൽ നിന്ന് ഉണ്ടാവാതിരിക്കാൻ നാം ശ്രദ്ധിക്കണം. കുട്ടികളെ നാം അത് ബോധ്യപ്പെടുത്തണം.

അയൽക്കാരന്റെ കുട്ടികൾക്കു പ്രാപ്യമല്ലാത്ത, അവർക്ക് മോഹമുണ്ടാക്കുന്ന വല്ലതും നമ്മുടെ കുട്ടികൾക്ക് അനുഭവിക്കാനുണ്ടെങ്കിൽ അത് അവരുടെ കൺമുമ്പിൽ വെച്ച് ആവാതിരിക്കുക എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നല്ല പഴങ്ങളോ മറ്റോ, വില കൂടിയ കളിക്കോപ്പുകളോ അവർക്ക് കൂടി കൊടുക്കാനോ അവരെ പങ്ക് കൊള്ളിക്കാനോ പറ്റാത്തതാണെങ്കിൽ സ്വന്തം വീട്ടിനുള്ളിൽ വെച്ച് മാത്രമാവുക; തിന്നുന്നതും ഉപയോഗിക്കുന്നതും. പറ്റുമെങ്കിൽ അവരുമായി പങ്കുവെക്കുക. ഇതാണ് ഇസ്ലാമിക മര്യാദ.

ഇമാം ഇബ്നു ഹജറുൽ അസ്ക്വലാനി അദ്ദേഹത്തിന്റെ ഫത്ഹുൽ ബാരിയിൽ ഉദ്ധരിക്കുന്ന, അയൽവാസികളോടുള്ള മര്യാദകൾ വിവരിക്കുന്ന ഒരു ഹദീഥിൽ നബി ഇപ്രകാരം പറഞ്ഞതായി കാണാം: '...നീ ഒരു പഴം വാങ്ങിയാൽ നിന്റെ അയൽവാസിക്കും അതിൽ നിന്ന് ഹദ്‌യ നൽകുക. അത് നിനക്ക് സാധ്യമല്ലെങ്കിൽ നീ നിന്റെ വീട്ടിനുള്ളിൽ (നിന്ന് കഴിക്കുക) സ്വകാര്യമാക്കുക. നിന്റെ മകൻ അവന്റെ മകനെ പ്രകോപിപ്പിക്കും വിധം അതുമായി പുറത്തു പോകരുത്."

എത്ര ഉദാത്തമായ അധ്യാപനങ്ങളാണ് അല്ലാഹുവിന്റെ തിരുദൂതർ നമുക്കു നൽകുന്നത്! നമ്മുടെ മക്കൾ ഇപ്രകാരം ഇസ്ലാമികാധ്യാപനങ്ങൾ ഉൾക്കൊണ്ട് ജീവിച്ചാൽ, മറ്റുള്ളവർ ഇസ്ലാമിനെ ആദരിക്കാൻ കൂടി അത് കാരണമാകും.

**(തുടരും)**

അബൂ മുഫീദ്
mail@nerpatham.com

ഹദീസ് പാഠം

# ഇന്ന് കൊടുക്കുക; നാളേക്കുവേണ്ടി

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: "രണ്ട് മലക്കുകൾ ഇറങ്ങിവന്ന് ഒരാൾ, 'അല്ലാഹുവേ, ധനം ചെലവഴിക്കുന്നവന് നീ പിന്തുടർച്ച നൽകേണമേ' യെന്നും ഇതരൻ 'അല്ലാഹുവേ, ധനം ചെലവഴിക്കാതെ സൂക്ഷിക്കുന്നവന് നീ നാശം നൽകേണമേ' യെന്നും പ്രാർഥിക്കാതെ അടിമകളിലാരും പ്രഭാതം പ്രാപിക്കുന്നില്ല." (ബുഖാരി, മുസ്‌ലിം).**

പരസ്പര സഹകരണത്തോടെ ജീവിക്കേണ്ടവരാണ് മനുഷ്യർ. ധനികരും ദരിദ്രരുമെല്ലാം പരാശ്രയം ആവശ്യമില്ലാത്ത, എല്ലാവർക്കും ആശ്രയമായ അല്ലാഹുവിന്റെ സൃഷ്ടികളാണ്. മനുഷ്യരുടെ നിലനിൽപും പരസ്പരാശ്രയത്തിലൂടെയാണ്. ധനികൻ ധനവാനായിത്തീർന്നതിനു പിന്നിൽ ഒരുപാട് പാവങ്ങളുടെ അധ്വാനമുണ്ടാകും. ദരിദ്രർക്ക് തങ്ങളുടെ ഉപജീവനമാർഗം കണ്ടെത്താൻ കഴിയുന്നത് ധനികരുള്ളതുകൊണ്ടാണ്.

ദാരിദ്ര്യവും സമ്പന്നതയും ദൈവിക പരീക്ഷണങ്ങളാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ ആ വിഷമാവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ധനികൻ തന്റെ സമ്പന്നതയിൽ മതിമറന്ന് സ്രഷ്ടാവിനെ ധിക്കരിക്കാതിരിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ ധനംകൊണ്ട് നരകത്തിലെത്തിച്ചേരാനും സ്വർഗത്തിലെത്തിച്ചേരാനും കഴിയുമെന്ന് അവൻ ഗ്രഹിക്കണം. അന്യായമായി സമ്പാദിക്കുകയും അധാർമികതയുടെ മാർഗത്തിൽ ചെലവഴിക്കുകയും ചെലവഴിക്കേണ്ട മാർഗങ്ങളെ അവഗണിക്കുകയും ചെയ്താൽ ധനം കൊണ്ടുള്ള പരീക്ഷണത്തിൽ അവൻ പരാജിതനാണെന്ന് വരുന്നു.

അഗതികളും അശരണരും അനാഥരുമായവരോട് അങ്ങേയറ്റം അനുഭാവം പുലർത്തുന്ന മതമാണ് ഇസ്‌ലാം. അവർക്കുവേണ്ടി ചെലവഴിക്കുന്നതിനെ 'അല്ലാഹുവിന്റെ മാർഗ'ത്തിലുള്ള ചെലവഴിക്കലാണ് ഇസ്‌ലാം പരിഗണിക്കുന്നത്. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ധനം നല്ല മാർഗത്തിൽ ചെലവഴിക്കാതെ സ്വരൂപിച്ചു വെക്കുന്നതിന്റെ ഗൗരവവും ചെലവഴിക്കുന്നതിന്റെ മഹത്ത്വവും മനസ്സിലാക്കിത്തരുന്നതാണ് മുകളിൽ കൊടുത്ത നബിവചനം. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നൽകുന്നു..."(2:261)

സത്യമതത്തിനു വേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ചെലവഴിക്കുമ്പോൾ അത് തങ്ങൾക്കുവേണ്ടിയുള്ള ചെലവഴിക്കൽ തന്നെയാണ് അഥവാ അതിന്റെ പ്രതിഫലം ചെലവഴിക്കുന്നവർക്കു തന്നെയാണ് എന്നും ക്വുർആൻ ഉണർത്തുന്നു:

"നിങ്ങൾ ധനം ചെലവഴിക്കുന്നുവെങ്കിൽ അത് സ്വന്തം നന്മക്ക് തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ചല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. നിങ്ങളെന്ത് ചെലവഴിച്ചാലും അതിന്റെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നൽകപ്പെടുന്നതാണ്. നിങ്ങളോട് അൽപം പോലും അനീതി കാണിക്കുകയില്ല''(2:272).


ഉദാരമതികൾക്കുള്ള പ്രതിഫലത്തെക്കുറിച്ച് അല്ലാഹു പറയുന്നു: "രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചുകൊണ്ടിരിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവരർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല"(2:274).

എന്നാൽ ചെലവഴിക്കുന്നത് ലോകമാന്യത്തിനു വേണ്ടിയാകുന്നതും ആർക്കുവേണ്ടി ചെലവഴിച്ചുവോ അവരെ അതിന്റെ പേരിൽ ശല്യപ്പെടുത്തുന്നതും ശിക്ഷാർഹവും കൊടുത്തതിന്റെ പ്രതിഫലം ഇല്ലാതാക്കുന്നതുമാണ്.

നബി(ﷺ) പറഞ്ഞു: "മനുഷ്യാ! മിച്ചമുള്ളത് ചെലവഴിക്കുന്നത് നിനക്ക് ഗുണകരവും ചെലവഴിക്കാതിരിക്കുന്നത് ദോഷകരവുമാണ്. അത്യാവശ്യത്തിന് കരുതിവെക്കുന്നത് ആക്ഷേപാർഹമല്ല. അടുത്ത ബന്ധുക്കളിൽനിന്ന് തുടങ്ങുക. താഴെയുള്ള കയ്യിനെക്കാൾ ഉത്തമം ഉയർന്നുനിൽക്കുന്ന കയ്യാണ്"(മുസ്‌ലിം).

അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി
mail@nerpatham.com

ലേഖനം





# ഹജ്ജ് നൽകുന്ന തൗഹീദിന്റെ സന്ദേശം

**ഇ**സ്‌ലാം കാര്യങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന വിഷയമാണല്ലോ ഹജ്ജ്. ശരീരവും മനസ്സും സമ്പത്തും സമയവും ത്യാഗവും എല്ലാം ഒത്ത് ചേരുന്ന ഹജ്ജിനോളം ഗൗരവമേറിയ മറ്റൊരു ആരാധന ഒരു പക്ഷേ, നമുക്ക് കണ്ടെത്താനാവുകയുമില്ല. ജീവിതത്തിൽ അധികമാളുകൾക്കും അത് നിർവഹിക്കാൻ അവസരം ലഭിക്കാറില്ലെന്നതുപോലെത്തന്നെ നിർവഹിക്കുന്നവരിൽ അധികമാളുകളും അതിന്റെ ലക്ഷ്യം കൈവരിക്കാതെ പോകുന്നു എന്നതും വാസ്തവമാണ്!

മഹാനായ മുജാഹിദ്ؓ ഒരിക്കൽ അബ്ദുല്ലാഹിബ്നു ഉമർؓവിന്റെ അടുത്ത് വെച്ച് ഇപ്രകാരം പറഞ്ഞു: 'എത്രമാത്രം ഹാജിമാരാണ് ഇപ്രാവശ്യം എത്തിയിട്ടുള്ളത്!' അന്നേരം ഇബ്നു ഉമർؓ പറഞ്ഞു. എത്രയെത്ര യാത്രാ സംഘങ്ങളാണ് ഇപ്രാവശ്യം എന്ന് പറഞ്ഞാൽ മതി' (മുസ്വന്നഫ് അബ്ദുർറസാക്).

സ്വഹാബത്തിന്റെ കാലം അവസാനിക്കുന്നതിന് മുമ്പ് തന്നെ, മേൽ പറയപ്പെട്ട വാക്ക് പറയേണ്ടതായി വന്നിട്ടുണ്ടെങ്കിൽ ഇന്നത്തെ അവസ്ഥ പറയേണ്ടതുണ്ടോ?

അതിനാൽ ഹജ്ജിന്റെ ആത്മാവ് എന്താണെന്ന് കൃത്യമായി നാം അറിയേണ്ടതുണ്ട്. അതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ഹജ്ജ് ശഹാദത്ത് കലിമയുടെ പ്രഖ്യാപനമാണ് എന്നതാണ്. അല്ലാഹു, അവനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അതിനാൽ ആരാധനയുടെ ഏതൊക്കെ വശങ്ങളുണ്ടോ അവയൊക്കെയും അല്ലാഹുവിന് വേണ്ടി മാത്രമെ എന്നിൽ നിന്നും ഉണ്ടായിത്തീരുകയുള്ളൂ എന്നും ജീവിതം കൊണ്ട് തെളിയിക്കലാണത്.

അതുപോലെ ശഹാദത്ത് കലിമയുടെ രണ്ടാം ഭാഗമായ, മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ റസൂലാണ് എന്നതും തന്റെ ജീവിതം കൊണ്ട് പ്രഖ്യാപിക്കലാണ് അതിൽ അടങ്ങിയിട്ടുള്ളത്.

**ഹജ്ജും തൗഹീദും**

നബിﷺ ഒരു ഹജ്ജ് മാത്രമാണ് നിർവഹിച്ചിട്ടുള്ളത്. പ്രസ്തുത ഹജ്ജിനെ സംബന്ധിച്ച് പറയുന്നിടത്ത് സ്വഹാബികൾ വിവരിക്കുന്നതിൽ ഇപ്രകാരം നമുക്ക് കാണാൻ കഴിയും. ജാബിർ رضي الله عنه പറയുന്നു:

"നബിﷺ തൗഹീദിന്റെ പ്രഖ്യാപനം നടത്തി" (മുസ്‌ലിം).

ഹജ്ജ് പൂർണമായും അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യംവെച്ചായിരിക്കണം എന്നത് നബിﷺയുടെ ഹജ്ജിനെക്കുറിച്ച് പഠിക്കുമ്പോൾ ഏതൊരാൾക്കും മനസ്സിലാക്കാനാകും.

നബിﷺ ഹജ്ജിലേക്ക് പ്രവേശിച്ചപ്പോൾ ഇപ്രകാരം പ്രാർഥിക്കുകയുണ്ടായി:

"അല്ലാഹുവേ, ലോകമാന്യതക്കും പ്രശസ്തിക്കുമുള്ള ഒരു ഹജ്ജാക്കാക്കി ഇതിനെ മാറ്റരുതേ" (ബുഖാരി).

**തൽബിയത്ത്**

"ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാ ശരീക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽ മുൽക് ലാശരീക ലക്' (അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തു വന്നെത്തിയിരിക്കുന്നു. യാതൊരു പങ്കുകാരനുമില്ലാത്ത നിന്റെ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതിയും അനുഗ്രഹവും നിനക്കാണ്. രാജാധികാരവും നിനക്കുതന്നെ നിനക്കാരും പങ്കുകാരില്ല).

തൗഹീദിന്റെ പ്രഖ്യാപനവും വിളംബരവുമാണ് നാമിതിൽ ദർശിക്കുന്നത്.

**കഅ്ബ**

ഹജ്ജിന്റെ കർമങ്ങൾ വിശകലനം ചെയ്യുമ്പോൾ മാറ്റി നിർത്താൻ കഴിയാത്ത ഒരു സ്ഥാനമാണ് കഅ്ബക്കുള്ളത്. അല്ലാഹു പറയുന്നത് കാണുക:

"തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു)" (ആലു ഇംറാൻ: 96).

കഅ്ബയോടടുക്കുന്ന ഒരു ഹാജിയുടെ മനസ്സിലുണ്ടാകേണ്ടത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി ആദ്യം നിർമിക്കപ്പെട്ട ഒരു ഭവനത്തിനടുത്താണ് ഞാനുള്ളത് എന്നതാണ്.

**അല്ലാഹുവിന്റെ ഭൂമിയിലെ ഏറ്റവും പവിത്രമായ സ്ഥലം മക്ക. മക്കയിലെ അനുഗൃഹീത സ്ഥലം ഹറം. ഹറമിലെ വിശുദ്ധമായ കഅ്ബ. കഅ്ബയിലെ, സ്വർഗത്തിൽ നിന്നും കൊണ്ടുവരപ്പെട്ട കല്ലായ ഹജറുൽ അസ്‌വദ്. ശ്രദ്ധിച്ചില്ലെങ്കിൽ ആദരവ് ആരാധനക്ക് വഴിമാറാൻ സാധ്യതയുണ്ട്. ഉപകാരം ചെയ്യുന്നവനും ഉപദ്രവങ്ങൾ നീക്കുന്നവനും അല്ലാഹു മാത്രമാണെന്ന ചിന്ത അവിടെ വെച്ച് ഒരു വിശ്വാസിയിൽ നിന്നും നഷ്ടപ്പെട്ടുകൂടാ.**

സത്യവിശ്വാസിയുടെ ജീവിതത്തിൽ ഒരിക്കലും ബഹുദൈവ വിശ്വാസം കടന്നുവരാൻ പാടില്ല. ഏകനായ അല്ലാഹു മാത്രം ആരാധിക്കപ്പെടുന്ന ഭവനമായി കഅ്ബ സംരക്ഷിക്കപ്പെടണം. ഇബ്‌റാഹീം നബിعليه السلامക്ക് അല്ലാഹു അതിനുള്ള സ്ഥാനം നിർണയിച്ചു കൊടുത്തു.

"ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തികൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു)" (അൽഹജ്ജ്: 26).

**ത്വവാഫ്**

ഹജ്ജിന്റെയും ഉംറയുടെയും റുക്‌നുകളിൽ പെട്ടതാണ് കഅ്ബ ത്വവാഫ് ചെയ്യൽ.

തൗഹീദിന് നിരക്കാത്തതൊന്നും കഅ്ബയുടെ അടുത്ത് വെച്ചും ത്വവാഫിനിടയിലും ഉണ്ടാകാൻ പാടില്ലാത്തതാണ്.

ത്വവാഫ് ആരംഭിക്കുന്നത് 'അല്ലാഹു അക്ബർ' എന്ന പ്രഖ്യാപനത്തോടെ ആയിരിക്കണം. ഹജറുൽ അസ്‌വദിന് അടുത്തുനിന്ന് അത് ആരംഭിക്കുവാൻ സാധിക്കുമെങ്കിൽ അതിനെ ചുംബിച്ച് കൊണ്ട്, അതിന് കഴിഞ്ഞില്ലെങ്കിൽ വലതു കൈ കൊണ്ട് അതിനെ തൊട്ട് കൈ മുത്തിക്കൊണ്ട്, അതിനും കഴിഞ്ഞില്ലെങ്കിൽ വലതു കൈ മാത്രം ഉയർത്തി അതിനു നേരെ അഭിവാദ്യം ചെയ്തുകൊണ്ടായിരിക്കണം തുടക്കം. പ്രസ്തുത സന്ദർഭത്തിൽ തൗഹീദിന്റെ ആദർശം കൈമോശം വന്നു പോകുന്നത് പ്രത്യേകം ശ്രദ്ധിക്കണം. മഹാനായ ഉമർ رضي الله عنه കഅ്ബ ത്വവാഫ് ചെയ്യുന്ന സമയം ഹജറുൽ അസ്

വദിനെ ചുംബിക്കുമ്പോൾ പറഞ്ഞ വാക്കുകൾ ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്:

"കല്ലേ, നീ ഒരു കല്ല് മാത്രമാണ്. എനിക്ക് ഉപകാരം ചെയ്തു തരാനോ ഉപദ്രവങ്ങളിൽ നിന്ന് രക്ഷപ്പെടുത്താനോ നിനക്ക് ആകില്ല. നബി ﷺ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ ചുംബിക്കുമായിരുന്നില്ല" (ബുഖാരി).

അല്ലാഹുവിന്റെ ഭൂമിയിലെ ഏറ്റവും പവിത്രമായ സ്ഥലം മക്ക. മക്കയിലെ അനുഗൃഹീത സ്ഥലം  ഹറം. ഹറമിലെ വിശുദ്ധമായ കഅ്ബ. കഅ്ബയിലെ, സ്വർഗത്തിൽ നിന്നും കൊണ്ടുവരപ്പെട്ട കല്ലായ ഹജറുൽ അസ്‌വദ്. ശ്രദ്ധിച്ചില്ലെങ്കിൽ ആദരവ് ആരാധനക്ക് വഴിമാറാൻ സാധ്യതയുണ്ട്. ഉപകാരം ചെയ്യുന്നവനും ഉപദ്രവങ്ങൾ നീക്കുന്നവനും അല്ലാഹു മാത്രമാണെന്ന ചിന്ത അവിടെവെച്ച് ഒരു വിശ്വാസിയിൽ നിന്നും നഷ്ടപ്പെട്ടുകൂടാ.

ത്വവാഫിന്റെ പൂർണത ത്വവാഫിനുശേഷം മക്വാമു ഇബ്‌റാഹീമിന്റെ പുറകിലായി രണ്ട് റക്അത്ത് നമസ്കാരം കൂടി നിർവഹിക്കുന്നതോടു കൂടിയാണ് കൈവരിക്കപ്പെടുന്നത്. ജനബാഹുല്യത്താൽ അവിടെ വെച്ചു തന്നെ നമസ്കരിക്കാൻ കഴിയണമെന്നില്ല. ഹറമിൽ സൗകര്യപ്പെടുന്നിടത്ത് അത് നിർവഹിച്ചാൽ മതി.

പ്രസ്തുത നമസ്കാരത്തിൽ ഒന്നാം റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തുൽ കാഫിറൂനും രണ്ടാം റക്അത്തിൽ സൂറത്തുൽ ഇഖ്‌ലാസും പാരായണം ചെയ്യേണ്ടതുണ്ട്. രണ്ടും കൃത്യമായും തൗഹീദിനെ വ്യക്തമാക്കുന്ന അധ്യായങ്ങൾ!

**മക്വാമു ഇബ്‌റാഹീം**

അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനായി നിർമിക്കപ്പെട്ട കഅബയുടെ പുനർനിർമാണ സമയത്ത് ഇബ്‌റാഹീം നബി(അ) കയറി നിന്ന് പടുക്കാൻ ഉയരത്തിനായി ഉപയോഗിച്ച കല്ലാണ് അതെന്ന് പറയപ്പെടുന്നു. അതിന്റെയും ചരിത്രം തൗഹീദിന്റെ ഭാഗം തന്നെ.

**സ്വഫായും മർവയും**

ഹജ്ജും ഉംറയും നിർവഹിക്കുന്നവർ അവ രണ്ടിന്റെയും അവിഭാജ്യ ഘടകമായി അനുഷ്ഠിക്കേണ്ടതാണ് സഅ്‌യ്.

അല്ലാഹു പറയുന്നു: "തീർച്ചയായും സ്വഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു. കഅ്ബാ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറയോ നിർവഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. ആരെങ്കിലും സൽകർമം സ്വയം സന്നദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവജ്ഞനുമാകുന്നു" (അൽബക്വറ: 158).

'ഹജ്ജും ഉംറയും നിർവഹിക്കുന്നവർ സ്വഫാ മർവക്കിടയിൽ സഅ്‌യ് നടത്തുന്നതിൽ കുറ്റമില്ല' എന്ന് പറയാൻ പ്രത്യേക കാരണമുണ്ട്:

ജാഹിലിയ്യ കാലത്ത് സ്വഫായിൽ 'ഇസാഫ്' എന്നും മർവയിൽ 'നാഇല' എന്നും പേരുള്ള വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. എന്നാൽ വിഗ്രഹാരാധനയുടെ അപകടം മനസ്സിലാക്കിയ വിശ്വാസികൾ അവിടെ സഅ്‌യ് ചെയ്യുമ്പോൾ അത് അവരുടെ മനസ്സിൽ പ്രയാസങ്ങൾ സൃഷ്ടിക്കുക സ്വാഭാവികം. അതുകൊണ്ട് നിങ്ങൾ വിഷമിക്കേണ്ടതില്ല; അവിടെ സഅ്‌യ് നടത്തുന്നത് കുറ്റകരമായ പ്രവർത്തനമല്ല എന്ന് അല്ലാഹു അവരെ ആശ്വസിപ്പിക്കുകയാണ്. പണ്ട് വിഗ്രഹങ്ങൾ ഉണ്ടായിരുന്ന സ്ഥലമാണെങ്കിലും ഇന്ന് ഞങ്ങളുടെ പ്രഖ്യാപനം ശിർക്കിനെതിരിലുള്ള തൗഹീദിന്റെ പ്രഖ്യാപനമാണ് എന്ന് ഹജ്ജും ഉംറയും നിർവഹിക്കുന്നർ ഉറക്കെ പ്രഖ്യാപിക്കുന്നു:

"അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. സ്തുതിയും അധികാരവും അവനു തന്നെ. അവൻ എല്ലാറ്റിനും കഴിവുള്ളവനത്രെ. അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവൻ തന്റെ വാഗ്ദത്തം പൂർത്തീകരിച്ചു. തന്റെ ദാസനെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി"

**എവിടെയും തൗഹീദിന്റെ വിളംബരം!**

**അറഫ**

ദുൽഹജ്ജ് ഒമ്പതിന് ഉച്ച മുതൽ അസ്തമയം വരെ ഹാജിമാർ അറഫയിൽ സമ്മേളിക്കുന്നു. അവിടെയും അല്ലാഹുവിനോട് മാത്രമുള്ള പ്രാർഥനകൾ.

## ഹജ്ജിന് പോകുന്നവരുടെ ശ്രദ്ധക്ക്

ഈ വർഷം ഹാജിമാർക്കിടയിലെ പ്രബോധന പ്രവർത്തനങ്ങൾക്ക് നമുക്ക് കൂടുതൽ അവസരം ലഭിച്ചിരിക്കുന്നു. നാല് സ്ഥലങ്ങളിലായി എക്സിബിഷൻ, ഗവ. ഗ്രൂപ്പുകളിൽ  വരുന്നവർക്കുള്ള ക്ലാസ്സുകൾ, ദഅ്‌വ സ്‌ക്വാഡുകൾ, ജീവിതം എന്തിനുവേണ്ടി എന്ന പുസ്തകവിതരണം എന്നിവ നടത്താൻ നമുക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. വളണ്ടിയർമാരുടെ അഭാവം ഒരു പ്രശ്നമാണ്. ഹജ്ജിന് വരുന്ന നമ്മുടെ പ്രവർത്തകർക്ക് ഈ രംഗത്ത് സേവനം ചെയ്യാൻ കഴിയും. സേവന സന്നദ്ധതയും ആരോഗ്യവുമുള്ള പ്രവർത്തകർ മക്കയിൽ എത്തിയാലുടൻ ഞങ്ങളുമായി ബന്ധപ്പെടുവാൻ താൽപര്യപ്പെടുന്നു.

സലീം സുല്ലമി: 0550022582
നിസാർ: 0596990767
അൻവർ: 0507378810

**ശരീരവും മനസ്സും സമ്പത്തും സമയവും ത്യാഗവും എല്ലാം ഒത്ത് ചേരുന്ന ഹജ്ജിനോളം ഗൗരവമേറിയ മറ്റൊരു ആരാധന ഒരു പക്ഷേ, നമുക്ക് കണ്ടെത്താനാവുകയുമില്ല. ജീവിതത്തിൽ അധികമാളുകൾക്കും അത് നിർവഹിക്കാൻ അവസരം ലഭിക്കാറില്ല. നിർവഹിക്കുന്നവരിൽ അധികമാളുകളും അതിന്റെ ലക്ഷ്യം കൈവരിക്കാനും കഴിയുന്നില്ല.**

"അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. എല്ലാ സ്തുതി കളും ആധിപത്യവും അവനുതന്നെ. അവൻ എല്ലാറ്റിനും കഴിവുള്ളവനുമാണ്."

**മുസ്ദലിഫ**

ദുൽഹജ്ജ് ഒമ്പത് അസ്തമിച്ച, പത്തിന്റെ രാവിൽ മുസ്ദലിഫയിൽ രാപ്പാർക്കണം. അതിന് ശേഷം പത്തിന്റെ പ്രഭാതത്തിൽ (സൂര്യോദയത്തിന് മുമ്പ്) മിനായിലേക്ക് പോകണം

ജാഹിലിയ്യ കാലത്ത് മുസ്ദലിഫയിലെ ഥബീർ പർവത നിരകളിലേക്ക് നോക്കി 'അല്ലയോ ഥബീർ പർവതമേ, സൂര്യനെ ഞങ്ങളിലേക്ക് ഉദിപ്പിക്കൂ' എന്ന് പ്രാർഥിച്ചിരുന്നു. എന്നാൽ അത്തരം ശിർക്കൻ വിശ്വാസങ്ങൾക്ക് അവസരം കൊടുക്കാതെ സൂര്യോദയത്തിനു മുമ്പ് തന്നെ മുസ്ദലിഫയിൽ നിന്നും പോകാൻ മുസ്‌ലിംകൾ കൽപിക്കപ്പെട്ടു.

**ബലിയറുക്കൽ**

ഹജ്ജിൻെറ കർമങ്ങളിൽ പ്രധാനപ്പെട്ടതാണ് ബലിയറുക്കൽ. അതാകട്ടെ അല്ലാഹുവിനുവേണ്ടി മാത്രമാകണം എന്നതാണ് ഇസ്‌ലാം പഠിപ്പിച്ചിട്ടുള്ളത്.

"നീ നിന്റെ റബ്ബിനുവേണ്ടി നമസ്കരിക്കുകയും ബലിയറുക്കുകയും ചെയ്യുക" (സൂറ: അൽകൗഥർ).

**ജംറകളിൽ കല്ലെറിയൽ**

അല്ലാഹു തന്നോടു കൽപിച്ച ആരാധനയുടെ ഭാഗമായാണ് താനിതു നിർവഹിക്കുന്നത് എന്ന മനസ്സോടെ കടലമണിയോളം വലുപ്പമുള്ള ഏഴു കല്ലുകൾ കൊണ്ട് ഏഴു പ്രാവശ്യമാണ് ഓരോ ജംറകളിലും എറിയേണ്ടത്.

'അല്ലാഹു അക്ബർ' എന്ന് തൗഹീദിന്റെ വാക്യം ഉച്ചരിച്ചാണ് എറിയേണ്ടത്.

**എല്ലാം അല്ലാഹുവിന്**

ഹജ്ജിന്റെ കർമങ്ങൾ- ഇഹ്റാമിൽ പ്രവേശിച്ച് തൽബിയത്ത് ചൊല്ലൽ മുതൽ ത്വവാഫുൽ വിദാഅ് വരെയുള്ള എല്ലാ കർമങ്ങളും തൗഹീദ് (ഏകദൈവവിശ്വാസം) മനസ്സിലും ജീവിതത്തിലും ഊട്ടിയുറപ്പിക്കാനാണ് നമ്മെ പ്രേരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. 'അല്ലാഹുവേ, പങ്കുകാരില്ലാത്ത ഏകനായ റബ്ബേ' എന്ന് ദിവസങ്ങളോളം രാപ്പകൽ വ്യത്യാസമില്ലാതെ ഉറക്കെ വിളിച്ച ഒരു ഹാജിക്ക് എങ്ങനെ അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർഥിക്കാനും സങ്കടമുണർത്തി സഹായമർഥിക്കാനും സാധിക്കും? ഇല്ല, അതൊരിക്കലും ഉണ്ടായിക്കൂടാ. തൗഹീദിന്നു വേണ്ടി ജീവിച്ച്, ആ മാർഗത്തിൽ നിരവധി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച്, സാക്ഷാൽ അഗ്നി പരീക്ഷണത്തിനു വിധേയനായ ഇബ്‌റാഹീം നബിﷺയുടെയും കുടുംബത്തിന്റെയും ജീവിത മാർഗത്തിൽ നിന്നും വ്യതിചലിച്ച് അല്ലാഹുവോടല്ലാതെ പ്രാർഥിക്കുകയും നേർച്ചവഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്ന, ഇസ്‌ലാമിന്റെതല്ലാത്ത മാർഗമാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ അവന് ഹജ്ജ് എന്തെന്ന് മനസ്സിലാക്കിയിട്ടില്ല. ഇബ്‌റാഹീം നബിയുടെ പ്രഖ്യാപനം നമുക്ക് ക്വുർആൻ പറഞ്ഞു തരുന്നത് കാണുക:

"നിങ്ങൾക്ക് ഇബ്‌റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ഞാൻ താങ്കൾക്ക് വേണ്ടി പാപമോചനം തേടാം, താങ്കൾക്ക് വേണ്ടി അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും എനിക്ക് അധീനപ്പെടുത്താനാവില്ല എന്ന് ഇബ്‌റാഹീം തന്റെ പിതാവിനോട് പറഞ്ഞ വാക്കൊഴികെ. (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു: ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചുവരവ്" (അൽമുംതഹിന: 4).

ഈ ആദർശം ജീവിതത്തിൽ കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമെ നമ്മുടെ കർമങ്ങൾ സ്വീകരിക്കപ്പെടുകയുള്ളൂ; അങ്ങനെ നമുക്കതിലൂടെ സ്വർഗം നേടുവാൻ സാധിക്കുകയുള്ളൂ.

**പ്രതീക്ഷയും അർപ്പണവും**

വിജനമായ മരുഭൂമിയിൽ പിഞ്ചു പൈതലിനെയും തന്നെയും തനിച്ചാക്കിക്കൊണ്ട് തിരിച്ചുപോകുന്ന ഭർത്താവിനോട് 'ഇത് അല്ലാഹുവിന്റെ കൽപനപ്രകാരമാണെങ്കിൽ അവൻ ഞങ്ങളെ കയ്യൊഴിക്കുകയില്ല' എന്നു പറഞ്ഞ ഹാജറാബീവിയുടെ വിശ്വാസത്തിന്റെ കരുത്ത് അതുല്യമാണ്. അല്ലാ

ഹു കൈവിട്ടില്ല. മരുഭൂമിയിൽ നീരുറവ (സംസം) നൽകി അല്ലാഹു അവരെ സഹായിച്ചു. ഇതെല്ലാം നടന്ന സ്ഥലങ്ങൾ നേരിൽ കാണുകയും അയവിറക്കുകയും അവരുടെ അന്നത്തെ പരിശ്രമം സഅ്‌യിലൂടെ ഓർമിക്കുകയും ചെയ്യുന്ന ഹാജിയുടെ മനസ്സിൽ, തന്റെ ജീവിതവും അല്ലാഹുവിന്നർപ്പിച്ച് അവനിൽ മാത്രം പ്രതീക്ഷയർപ്പിച്ചു ജീവിക്കാനുള്ള പ്രതിജ്ഞ പുതുക്കലായിരിക്കണം. അതെ, അല്ലാഹുവിൻെറ വാഗ്ദാനം അതെത്ര സത്യം!

“ആർ അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുന്നുവോ അവർക്കവൻ മാർഗം കാണിച്ചു കൊടുക്കുകയും അവൻ വിചാരിക്കാത്ത വഴിയിലൂടെ ഉപജീവനം നൽകുകയും ചെയ്യും. ആർ അല്ലാഹുവിൽ ഭരമേൽപിക്കുന്നുവോ അവന് അല്ലാഹു മതി, തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. (65:2,3)

അല്ലാഹു മഖ്ബൂലും മബ്‌റൂറുമായ (സ്വീകാര്യവും പുണ്യകരവുമായ) നിലയിൽ ഹജ്ജും ഉംറയും നിർവഹിക്കുവാനും അതിൻെറ ചൈതന്യം ജീവിതത്തിലുടനീളം കാത്ത് സൂക്ഷിക്കുവാനും മുഴുവൻ സഹോദരങ്ങൾക്കും തൗഫീഖ് നൽകട്ടെ. തങ്ങളുടെ മാതാക്കൾ തങ്ങളെ പ്രസവിച്ച ദിവസത്തിലേതു പോലെ പാപമുക്തരായി തിരിച്ചുവരാനും, പ്രതിഫലമായി സ്വർഗം കരഗമാക്കുവാനും ഹജ്ജ് ചെയ്യുന്ന മുഴുവൻ സഹോദരങ്ങൾക്കും അല്ലാഹു തൗഫീഖ് നൽകട്ടെ.(ആമീൻ).

**ചലനങ്ങൾ**

# പ്രവാസികളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കണം: പ്രവാസി സംഗമം

കോഴിക്കോട്: ഗൾഫ് മേഖല ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ പ്രവാസികൾ തൊഴിൽ പാർപ്പിട മേഖലകളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സർക്കാർ ഗൗരവമായി കാണുകയും പരിഹാര ശ്രമങ്ങൾ അടിയന്തിര പരിഗണന നൽകണമെന്നും കൊഴിക്കോട് സംഘടിപ്പിച്ച വിസ്ഡം ഗ്ലോബൽ ഇസ്‌ലാഹി മീറ്റ് ആവശ്യപ്പെട്ടു.

തൊഴിൽ മേഖലകളിലെ പരിഷ്ക്കരണവും വിവിധ സേവനങ്ങളിൽ നടത്തിയ ഫീസ് വർധനവും ലക്ഷക്കണക്കിന് പ്രവാസികളെയാണ് തൊഴിൽ രഹിതരാക്കുന്നത്. ഇത് രാജ്യത്തിന്റെ പ്രത്യേകിച്ച് കേരളത്തിന്റെ സമ്പദ്ഘടനയെയും സാമൂഹിക ഘടനയെയും കാര്യമായി ബാധിക്കും.

വർഷങ്ങളായി സർക്കാർ വാഗ്ദാനം ചെയ്ത പ്രവാസി വോട്ടവകാശം പ്രായോഗികമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന ഫീസ് വാങ്ങി മാത്രം പ്രവാസികളുടെ മക്കൾക്ക് പ്രവേശനം നൽകുന്നത് ഒഴിവാക്കി സർക്കാർ ഫീസിലും പ്രവാസികൾക്ക് റിസർവേഷൻ ഏർപ്പെടുത്തി പിന്നോക്കം നിൽക്കുന്ന പ്രവാസികളുടെ ഉന്നമനവും സർക്കാർ ലക്ഷ്യമാക്കണമെന്ന് മീറ്റ് ആവശ്യപ്പെട്ടു.

സീസൺ സമയങ്ങളിലെ വിമാന ചാർജ് വർദ്ധനവ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ ക്രിയാത്മകമായ നീക്കങ്ങൾ ആവശ്യമാണ്.

മദീനയിലെ ത്വയ്ബ യൂനിവേഴ്സിറ്റി പ്രൊഫസർ യാസർ ബിൻ ഹംസ സംഗമം ഉദ്ഘാടനം ചെയ്തു, എം.കെ രാഘവൻ എം.പി മുഖ്യാതിഥിയായിരുന്നു. വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജന: സെക്രട്ടറി ടി.കെ അശ്‌റഫ് അധ്യക്ഷത വഹിച്ചു. യു.എ.ഇ ഇസ്‌ലാഹി സെന്റർ പ്രസിഡണ്ട് ഹുസൈൻ സലഫി, വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ് പ്രസിഡണ്ട് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി, നാസർ ബാലുശ്ശേരി, പ്രൊഫ. ഹാരിസ് ബിൻ സലീം, സി.പി സലീം, സ്വാദിഖ് മദീനി, ഫദ്‌ലുൽ ഹഖ് ഉമരി, അബ്ദുൽ മാലിക് സലഫി, നബീൽ രണ്ടത്താണി, ഐ.എസ്.എം സംസ്ഥാന പ്രസിഡണ്ട് ഡോ:സാബിർ നവാസ്, ജന:സെക്രട്ടറി കെ സജ്ജാദ്, സെക്രട്ടറി താജുദ്ദീൻ സ്വലാഹി, എം.എസ്.എം സംസ്ഥാന ജന: സെക്രട്ടറി ലുബൈബ് എന്നിവർ പ്രസംഗിച്ചു.

സി.പി അബ്ദുൽ അസീസ് (കുവൈത്ത്), അർഷദ് ബിൻ ഹംസ (ജുബൈൽ), സലീം വടകര, സലാഹുദ്ദീൻ അത്തോളി (യു.എ.ഇ), അബ്ദുൽ ഗഫൂർ, യാഖൂബ് ഈസ (ബഹ്‌റൈൻ), മരക്കാർ മങ്കട, നൗഷാദ് സലഫി (ഖത്തർ), എ.കെ അശ്‌റഫ്, ഖാലിദ് ഹാജി (ഒമാൻ), മഹ്ബൂബ് കാപ്പാട്, ടി.പി അൻവർ, മുഹമ്മദ് അസ്ഹർ (കുവൈത്ത്), യാസിർ (യാമ്പു), അബ്ദുൽ ഗഫൂർ പുങ്ങോടൻ (ജിദ്ദ), സാദിഖ് മാസ്റ്റർ (ജിസാൻ), ഫൈസൽ കൈതയിൽ (ദമ്മാം), മൊയ്തു അരൂർ (റിയാദ്,) സർഫറാസ് (മദീന), അസീം (മക്ക), റൗനഖ് (ഖമീസ് മുഷൈത്ത്), ഡോ: ഷഹീർ (അബഹ), എന്നിവർ സംസാരിച്ചു

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com

# വിസ്മയിപ്പിക്കുന്ന വിശുദ്ധ ക്വുർആൻ

**ഇത്** കനഡക്കാരനായ ഡോക്ടർ ഗാരി മില്ലറിന്റെ കഥയാണ്. ക്രൈസ്തവ മതത്തിൽ അഗാധ പാണ്ഡിത്യമുള്ള ഡോക്ടർ ഗാരി മില്ലറിനെ അസ്വസ്ഥനാക്കിയിരുന്ന ഒരു വസ്തുതയായിരുന്നു ക്വുർആൻ പ്രവാചകൻ മുഹമ്മദിന്ﷺ സ്രഷ്ടാവിൽ നിന്ന് അവതീർണമായതാണെന്നത്. അദ്ദേഹത്തിന്റെ മനസ്സ് അത് സമ്മതിച്ചു കൊടുക്കാൻ തയ്യാറല്ലായിരുന്നു. ക്വുർആനിൽ നിരവധി അബദ്ധങ്ങൾ ഉണ്ടെന്നും അത് പ്രവാചകൻﷺ സ്വയം നിർമിച്ചുണ്ടാക്കിയതാണെന്നും മില്ലർ ഉറച്ചു വിശ്വസിച്ചു. ഈ ധാരണ ശരിയാണെന്നു സ്ഥാപിച്ചെടുക്കാൻ അദ്ദേഹം കഠിനാധ്വാനം ചെയ്തു. 'പൈശാചിക ബോധനങ്ങൾ കോർത്തിണക്കി മുഹമ്മദ് സ്വയം ഭാവനയിൽനിന്ന് നിർമിച്ചുണ്ടക്കിയതാണു ക്വുർആൻ' എന്ന് സമർഥിക്കാൻ അദ്ദേഹം ക്വുർആനിൽ നിന്നു തന്നെ തെളിവുകൾ തേടിയിറങ്ങി.

ലോകത്തു തന്നെ ക്രിസ്ത്യാനിസത്തിന്റെ ഏറ്റവും ശക്തനായ പ്രതിയോഗിയായി ഇസ്‌ലാമിനെ കാണുന്ന മില്ലർ ഈ ആവശ്യത്തിന്നായി ക്വുർആനിൽ തെറ്റുകൾ പരതാൻ തുടങ്ങി. ആരംഭ വചനങ്ങളിൽ തന്നെ അദ്ദേഹം ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചു. (അലിഫ് ലാം മീം. ദാലികൽ കിതാബു ലാ റൈബ ഫീഹി...) 'ആ ഗ്രന്ഥത്തിൽ ഒരു സന്ദേഹവുമില്ല...' എന്നോ? ഇതെങ്ങനെ അംഗീകരിക്കാനാകും? ഇതു ക്വുർആൻ നടത്തുന്ന ഒരു വെല്ലുവിളിയാണല്ലോ. എങ്ങനെയെങ്കിലും ക്വുർആനിന്റെ അപ്രമാദിത്വം പൊളിച്ചടുക്കണമെന്ന് അദ്ദേഹത്തിന്നു വാശിമൂത്തു. അപാകത കണ്ടെത്താൻ ക്വുർആൻ വായിച്ചു തുടങ്ങിയ അദ്ദേഹം 'മർയം' എന്ന പത്തൊമ്പതാം അധ്യായത്തിൽ എത്തി. അദ്ദേഹത്തിന്റെ ചിന്താമണ്ഡലം മുഴുവൻ അട്ടിമറിയുന്നത് ഇവിടെയെത്തിയപ്പോഴാണ്. 'വിശുദ്ധ മർയമിനെ'ക്കുറിച്ച് ക്വുർആനിൽ ഒരധ്യായമോ? വിശ്വസിക്കാനായില്ല. അദ്ദേഹം പറയട്ടെ: "ഞാൻ 'ആഇശ' എന്നു പേരുള്ള ഒരധ്യായം ക്വുർആനിൽ തിരഞ്ഞു. പ്രവാചകന് ഏറ്റവും ഇഷ്ടപ്പെട്ട മഹതിയാണ് ആഇശ എന്നു മനസ്സിലാക്കിയിട്ടുണ്ട് എന്നാൽ ക്വുർആൻ ആദ്യന്തം മറിച്ചു നോക്കിയിട്ടും 'ആഇശ' എന്ന അധ്യായമോ ആ പേർ പരാമർശിച്ച ഒരു വചനമൊ ക്വുർആനിലില്ല! ഇത് അദ്ദേഹത്തെ ഇരുത്തിച്ചിന്തിപ്പിച്ചു. അതേ സമയം മർയമിന്റെ പേർ ക്വുർആനിൽ നാലു തവണ പ്രതിപാദിച്ചിട്ടുണ്ട്. ഇതൊരതിശയമല്ലേ? പിന്നീട് യേശുവിന്റെ നാമം ക്വുർആനിൽ പറഞ്ഞിട്ടുണ്ടോ എന്നു പരതി. മഹാത്ഭുതം! 25 തവണ യേശുവിനെ പരാമർശിച്ചിരിക്കുന്നു. മുഹമ്മദിന്റെ പേര് എത്ര തവണ വന്നിട്ടുണ്ട്? നാലു തവണ മാത്രം! തികച്ചും അവിശ്വസനീയം. മില്ലറിന്റെ ജിജ്ഞാസ വർദ്ധിച്ചു. മുഹമ്മദ് സ്വയം നിർമ്മിച്ചു എന്നു താൻ കരുതുന്ന ഖുർആനിൽ അദ്ദേഹത്തിന്റെ പേർ കേവലം നാലു തവണയും അതേ സമയം യേശുവിന്റെ പേര് 25 തവണയും! ഇവിടെ ഗാരി മില്ലറിന്റെ മനസ്സാക്ഷിയെ പിടിച്ചുകുലുക്കിയ ചോദ്യമുയർന്നു. ക്വുർആൻ മുഹമ്മദ് പടച്ചുണ്ടാക്കിയതാണെന്നതിന് ഒരു തെളിവും കിട്ടാത്തതെന്തേ? മറിച്ചുള്ള തെളിവുകൾ ധാരാളവും!

മറ്റൊരുകാര്യം; ക്വുർആൻ തികച്ചും പൈശാചിക ദുർബോധനമായാണു മില്ലർ കരുതിവന്നത്. ആ ക്വുർആൻ തന്നെ പിശാചിനെയും അവന്റെ ചെയ്തികളെയും കഠിനമായി ആക്ഷേപിക്കുന്നു. ഈ വൈരുധ്യമെങ്ങനെ സംഭവിച്ചു? അപ്പോൾ ഈ ഗ്രന്ഥം പിശാചിൽ നിന്നാവാൻ വഴിയില്ല. മില്ലറിന്നു ഉൾഭയം വർധിച്ചു വന്നു. ഇസ്‌ലാമിന്റെയും ക്വുർആനിന്റെയും ശക്തനായ പ്രതിയോഗി ഇവിടെ നിരായുധനാവുകയാണ്. ക്വുർആൻ പഠനം വർധിത വീര്യത്തോടെ അയാൾ തുടർന്നു. എവിടെയെങ്കിലും ഒരു പിടിവള്ളി കിട്ടാൻ തീവ്ര ശ്രമം നടത്തിനോക്കി. അങ്ങനെയാണ് 'മസദ്' എന്ന ചെറിയ അധ്യായത്തിൽ ശ്രദ്ധ ഉടക്കിയത്. 'തബ്ബത് യദാ അബീലഹബിൻ വ തബ്ബ്!' ആരാണീ ഇരു കരങ്ങളും നശിച്ച അബൂലഹബ്? നബിﷺയുടെ പിതൃസഹോദരൻ. മുഹമ്മദ് പടച്ചുണ്ടാക്കിയ ക്വുർആനിൽ സ്വന്തം പിതൃവ്യൻ ഇത്ര കടുത്ത ഭാഷയിൽ ആക്ഷേപിക്കപ്പെടുന്നത് എങ്ങനെ? അബൂലഹബ് അഗ്നികുണ്ഡാരത്തിൽ വെന്തുരുകുന്ന ഹൃദയ ഭേദകമായ ചിത്രം സ്വന്തം സഹോദര പുത്രൻ വരച്ചുകാട്ടുകയോ? സാധ്യത വിദൂരം!

അപ്പോഴാണറിയുന്നത് ഈ സൂക്തം അവതരിപ്പിക്കപ്പെട്ട ശേഷവും 10 വർഷം അബൂലഹബ് ജീവിച്ചിരുന്നു എന്ന്. എപ്പോഴെങ്കിലും ക്വുർആനിന്റെ ഈ പ്രവചനം തെറ്റെന്ന് സ്ഥാപിക്കാൻ കപടതന്ത്രം കാണിച്ച് ഞാൻ മുസ്‌ലിമായി എന്നു വിളിച്ചു പറഞ്ഞാൽ മതിയായിരുന്നില്ലേ? ക്വുർആനിന്റെ അമാനുഷികത അവിടെ തകർന്നടിയില്ലേ? ഈ കാലയളവിൽ പല പ്രമുഖന്മാരും ഇസ്‌ലാമിലേക്കു കടന്നുവന്നിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ ഒരാളായി അബൂലഹബ് ഉണ്ടായില്ല. മാത്രമല്ല സഹോദര പുത്രനോടുള്ള ശത്രുത നാൾക്കുനാൾ കൂടിക്കൂടി വരികയാണുണ്ടായത്. കവി, ആഭിചാരക്കാരൻ, ഭ്രാന്തൻ തുടങ്ങി നിരവധി ചീത്തപ്പേരുകൾ വിളിച്ച് പരിഹസിക്കുകയായിരുന്നു അബൂലഹബും ഭാര്യ ഉമ്മുജമീലും കൂട്ടരും. ഒരിക്കലെങ്കിലും അബൂലഹബിന് മുസ്‌ലിമാകണമെന്നു തോന്നാതിരുന്നത് എന്തുകൊണ്ടാണ്? ഇവിടെ ഗാരി മില്ലർ സ്തബ്ധനായി. അവിടെവെച്ചു ആ സത്യത്തെ മില്ലർ തിരിച്ചറിഞ്ഞു.

ക്വുർആൻ മുഹമ്മദിന്റെ സൃഷ്ടിയല്ല. മനുഷ്യ കരങ്ങൾക്കതീതമായി ലോകരക്ഷിതാവിൽ നിന്നവതരിപ്പിക്കപ്പെട്ടതാണ് ആ ഗ്രന്ഥം. ഇതു ബോധ്യപ്പെട്ട ആ ക്രിസ്തീയ പുരോഹിതൻ തന്റെ ളോഹ അഴിച്ചു വെച്ചു 'അശ് ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു...' എന്ന സാക്ഷ്യവാക്യം ഉച്ചരിച്ചു മുസ്‌ലിമായി. ക്വുർആനിന്റെ ദൈവികത ബോധ്യപ്പെട്ട അദ്ദേഹം രചിച്ച ഗ്രന്ഥമാണ് "The Amazing Quraan'- (അത്ഭുതപ്പെടുത്തുന്ന ക്വുർആൻ).

## അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 29 July 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# ALCHEMY

## Arts and Science Students CONFERENCE

## KOZHIKODE

2017 AUGUST 25, 26

EMPOWER campus chapter

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 81568 12292, 99959 81556
www.msmkerala.co.in